# Hello Hope
# ഹലോ ഹോപ്പ്

---Hope Harbour for Believers---

+973 38383399

HelloHope

GULF EDITION

For private circulation only | Issue No. 22, August 2019 | Published by: Phoenix Publishing House, Kerala, India | Licence# RNI No.KERMAL/2017/469833/ERN


# കെദ്രോൻ തോട് നൽകുന്ന പാഠങ്ങൾ




പാസ്റ്റർ പി.സി. വർഗീസ്


പഴയപുതിയ നിയമത്തിൽ കാണുന്ന ഒരു തോടാണ് കെദ്രോൻ. യെരുശലേമിന്റെ വടക്കുപടിഞ്ഞാറു ഭാഗത്തു നിന്ന് ഉത്ഭവിച്ചു കെദ്രോൻ താഴ്‌വരവഴിയായി ചാവുകടൽ വരെ എത്തുന്ന ഒരു ചെറിയ തോടാണ് കെദ്രോൻ. യെരുശലേം ദേവാലയത്തേയും ഗത്തശമേന തോട്ടത്തേയും തമ്മിൽ വിഭാഗിച്ചുകൊണ്ട് ഇതൊഴുകുന്നു. ഈ തോട് കടക്കാതെ ആർക്കും യെരുശലേം ദേവാലയം വിട്ടു ഒലിവുമല ഭാഗത്തേക്കു പോകാൻ കഴിയുകയില്ല. യോഹന്നാൻ 18: 1 –ൽ ഇതുപറഞ്ഞിട്ടു യേശു ശിഷ്യന്മാരുമായി കെദ്രോൻ തോട്ടിന്നു അക്കരെക്കു പോയി. അവിടെ ഒരു തോട്ടം ഉണ്ടായിരുന്നു, അതിൽ അവനും ശിഷ്യന്മാരും കടന്നു എന്നു കാണുന്നു. ഈ തോട്ടം ഗത്‌ശമേന ആയിരുന്നു എന്ന് മത്തായി 26: 36 ചേർത്തു പഠിക്കുമ്പോൾ മനസ്സിലാകുന്നു.

കെദ്രോൻ എന്ന വാക്കിന്റെ അർത്ഥം ‘സങ്കീർണ്ണമായത്’ എന്നാണ്. അത്ര ശുഭകരമല്ലാത്ത ഇരുളടഞ്ഞ ഒരു അവസ്ഥയാണ് കെദ്രോൻ തോടിന് ഉള്ളതെന്ന് ഈ വാക്കിന്റെ അർത്ഥത്തിൽ നിന്നും നമുക്ക് മനസിലാക്കുവാൻ സാധിക്കും. സങ്കീർണ്ണമായ ഈ തോട് യേശു തന്റെ ശിഷ്യന്മാരുമായി കടക്കുന്നതിന്റെ പിന്നിൽ ദൈവത്തിന്റെ തിരുഹൃദയത്തിൽ മറഞ്ഞിരുന്ന അനേകം പദ്ധതികളുണ്ടായിരുന്നു എന്ന് നമുക്ക് ഗ്രഹിക്കാം. കെദ്രോൻ തോടു നമുക്കു നൽകുന്ന ചില ഓർമ്മകൾ ചുവടെ ചേർക്കട്ടെ.

## കെദ്രോൻ തോടും പഴയ നിയമ രാജാക്കന്മാരും:

1. ആസാ (1 രാജാക്കന്മാർ 15: 9–24)

അബിശാലോമിന്റെ കൊച്ചുമകനായിരുന്ന ആസാ നാൽപ്പത്തൊന്നു സംവത്സരം യരുശലേമിൽ രാജാവായിരുന്നു. യഹോവക്കു പ്രസാദമുള്ള അനേക കാര്യങ്ങൾ ചെയ്തതിൽ ഒരു കാര്യം അവന്റെ അമ്മയായ മയഖ അശേരക്കു ഉണ്ടാക്കിയിരുന്ന മ്ലേച്ഛവിഗ്രഹത്തെ വെട്ടിമുറിച്ചു കെദ്രോൻ തോട്ടിന്നരികെ വെച്ചു ചുട്ടുകളയുകയും മുഖം നോക്കാതെ അവളെ രാജ്ഞിസ്ഥാനത്തിൽ നിന്നു നീക്കികളയുകയും ചെയ്തു എന്നതാണ് (വാക്യം 13).

പാഠം: *യഹോവയിങ്കൽ നമ്മുടെ ഹൃദയം ഏകാഗ്രമാക്കുവാൻ തടസ്സം നിൽക്കുന്ന ബന്ധങ്ങൾ പോലും നീക്കം ചെയ്യുവാൻ നാം മടിക്കാണിക്കരുത് (വാക്യം 14).*

2. യെഹിസ്കീയാവ് (2 ദിനവൃത്താന്തം 29)

സെഖര്യാവിന്റെ കൊച്ചുമകനായ യെഹിസ്കീയാവ് യെരുശലേമിൽ ഇരുപത്തൊമ്പതു സംവത്സരം രാജാവായി വാണു. യഹോവയുടെ ആലയത്തിന്റെ അറ്റകുറ്റം തീർക്കുകയും ദൈവാലയത്തിലെ മലിനതകളൊക്കെ പുറത്തു പ്രാകാരത്തിൽ കൊണ്ടുവരുകയും അതു കെദ്രോൻ തോട്ടിൽ ഇട്ടുകളയുകയും ചെയ്തു. അങ്ങനെ യഹോവയുടെ ആലയത്തിലെ ആരാധന യഥാസ്ഥാനത്താകുവാനിടയായി (വാക്യം 16,35).

പാഠം: *ആരാധന യഥാസ്ഥാനത്താക്കുന്നതിനു തടസ്സം നിൽക്കുന്ന എല്ലാറ്റേയും എറിഞ്ഞുകളയുവാൻ നാം തയ്യാറാകണം.*

യോശീയാവ് – (2 രാജാക്കന്മാർ 22,23 അദ്ധ്യായങ്ങൾ)

അദായാവിന്റെ കൊച്ചുമകനായിരുന്ന യോശീയാവ് മുപ്പത്തൊന്നു സംവത്സരം യെരുശലേമിൽ രാജാവായിരുന്നു. 8–ാം വയസ്സിൽ രാജാവായ ബാലകനായിരുന്ന യോശീയാവ് പൂജാഗിരികളേയും, ബാലിന്നും സൂര്യന്നും ചന്ദ്രനും ഗ്രഹങ്ങൾക്കും ആകാശത്തിലെ സർവ്വസൈന്യത്തിനും ധൂപം കാട്ടിയവരെയും നീക്കികളഞ്ഞു. മാത്രമല്ല അശേരാപ്രതിഷ്ഠയെ യെരുശലേമിന്നു പുറത്തു കെദ്രോൻ തോട്ടിങ്കലേക്കു കൊണ്ടുചെന്നു ചുട്ടു പൊടിയാക്കി സാമാന്യജനത്തിന്റെ ശവക്കുഴികളിന്മേൽ ഇട്ടുകളഞ്ഞു (വാക്യം 22: 1, 23: 5,6).


*(.... ശേഷം 8–ാം പേജിൽ)*





God created us in His image and likeness. Every cells, tissues and organs are been created by Him. You are His creation, redeemed by his blood, engraved in His palm, chosen by him. You are His. And so, as the psalmist says let us give thanks and praise to Him for we are fearfully and wonderfully made. If so, who you are in Christ?? What is your identity in Christ??

It doesn't matter what is your name, where is your place of birth, whether you are qualified, what is your skin color or what people calls you. All that matters is what God calls you and who you are in Him.

## 1. You are forgiven

No matter how soaked you are in sin, if you just run to Him and confess, he is faithful and just to forgive us our sins and purify us from all unrighteousness. Psalms 32: 5 says, Then I acknowledged my sin to You and did not hide my iniquity. I said , "I will confess my transgressions to the Lord, and you forgave the iniquity of my sin. So, even if you are a sinner or a backslider let me to encourage you today, its never too late to be in the presence of the Lord. He is a Good Father who is filled with compassion and unfailing grace and able enough to blot away your sins and cleanse you.

## 2. You are a new creation

2 Cor 5 :17 says, Therefore if anyone is in Christ, He is a new creature, the old things have passed away. Behold, new things have come. Once you have confessed of your sins and accepted Christ as your Personal Savior and are baptized in Water and Holy Spirit, you are a new creation. The old has gone and the new has come. You no longer live but Christ lives in you.




Tincy Justin


## 3. You are an overcomer

When you face trials and tribulations , do not feel defeated and lost, because the one who has called you is faithful. He will never leave you nor forsake you. You are chosen and so you are an overcomer in Him. 1Jn 5:4 says, For everyone born of god is victorious and overcomes the world and this is the victory that has conquered and overcome the world- our faith.


*(..... continued on page 14)*

# ക്രമവും മഹത്വവും

എഡിറ്റോറിയൽ




രാജീവ് സ്റ്റുവർട്ട്
ചീഫ് എഡിറ്റർ

ക്രമവും മഹത്വവും തമ്മിൽ വേർതിരിക്കാനാവില്ലെന്ന് ദൈവവചനം പഠിപ്പിക്കുന്നു. ക്രമം തെറ്റാതെയുള്ള ദൈവവ്യവസ്ഥയാണ് മഹത്വത്തിനുള്ള ഏക മാർഗ്ഗം. മഹത്തായ ഒരു പൂർണ്ണതയുടെ ഭാഗമാണ് നാം. ദൈവത്തിന്റെ കൃപയാലും അവന്റെ ഹിതത്തിന്റെ പ്രസാദപ്രകാരവും ഒരു വലിയ ഉദ്ദേശത്തിനായി നാം വിളിക്കപ്പെട്ടവരാണ്. പലപ്പോഴും ആ വിളിയെക്കുറിച്ച് നാം ആശയക്കുഴപ്പത്തിലാകാറുണ്ട്. അപ്പോഴാണ് കൃപയുടെ ആഴവും വിശാലവുമായ അർത്ഥം നാം മനസിലാക്കുന്നത്. ആശയക്കുഴപ്പത്തിൽ നിന്നും ദൈവം നമ്മെ ക്രമത്തിലേക്കു കൊണ്ടുവന്നു അതിനുശേഷം നമ്മെ മഹത്വത്തിലേക്കു നടത്തുന്നത് ദൈവകൃപയാലാണ്. നാം ക്രിസ്തുവിലേക്കു വരുകയും ദൈവത്തിൽ നിന്ന് ജനിക്കുകയും ചെയ്തപ്പോൾ ദൈവം നമുക്ക് ആരോഗ്യമുള്ള ഒരു മനസ്സു തന്നു, ജീവിത്തിൽ ക്രമം വരുത്തി. അതുകൊണ്ട് ക്രമരഹിതമായ ജിവിതത്തിൽ ദൈവീക ക്രമപ്രകാരം ജീവിക്കാൻ ദൈവപൈതലിനെ സഹായിക്കുന്ന ദൈവീക പദ്ധതിയാണ് കൃപ. യേശുക്രിസ്തുവിന്റെ രൂപത്തോട് അനുരൂപമാകുക മാത്രമല്ല ദൈവവ്യവസ്ഥയോടുകൂടെ അർത്ഥാൽ ദൈവഹിതത്തോട് നമ്മെ അനുരൂപരാക്കുന്നതും കൃപയാണ്.

നിങ്ങൾ എങ്ങനെയാണ് നാലു സുവിശേഷങ്ങൾ വായിക്കുന്നത് എന്ന് എനിക്കറിയില്ല. ഒരു പക്ഷെ ക്രിസ്തുവിന്റെ പ്രവർത്തനങ്ങളുടെ ഒരു ചരിത്രരേഖ എന്ന നിലയിലായിരിക്കാം നിങ്ങൾ അത് വായിക്കുന്നത്. ക്രിസ്തുയേശു എന്ന വ്യക്തി ഘടനയിലും സ്വഭാവത്തിലും വ്യത്യസ്ഥമായ വേറൊരു ദൈവവ്യവസ്ഥയുടെ ക്രമമായിരുന്നവൻ ദേഹരൂപം പൂണ്ടു എന്ന ചിന്തയോടെ ഈ സുവിശേഷങ്ങൾ വായിക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു. അങ്ങനെ വായിക്കുമ്പോൾ നമുക്ക് സ്വർഗ്ഗത്തിന്റെ ക്രമവും പ്രവർത്തനവും മഹത്വവും കാണാം. 'ഞാൻ ലൗകികനല്ലാത്തതുപോലെ അവരും ലൗകികന്മാരല്ല' എന്നു യേശു പറഞ്ഞു. ഇതു മനസ്സിൽ വെച്ചുകൊണ്ട് സുവിശേഷങ്ങൾ വായിച്ചാൽ, ഈ ലോകത്തിലെ മനുഷ്യരെപ്പോലെയല്ല യേശു സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് എന്നു കാണാം. ഈ ലോകത്തിലെ ഏറ്റവും വലിയ ജ്ഞാനിക്കുപോലും യേശു ചെയ്യുന്നതുപോലെ ചെയ്യുവാൻ കഴിയുകയില്ല. കാരണം യേശു ദൈവമാണെന്ന് മാത്രമല്ല എല്ലാം ക്രമമായി ചെയ്യുന്ന വ്യക്തിയാണ്.

നാം ക്രിസ്തുവിലും ക്രിസ്തുവിലൂടെയും ദൈവീക ക്രമവും മഹത്വവും അറിയുമ്പോൾ, വാക്കിലും ജീവിതത്തിലും നാം ഈ ലോകത്തിൽ നിന്ന് കൂടുതൽ കൂടുതൽ അകലും. ലോകവുമായി നാം കൂടുതൽ കൂടുതൽ പോരാട്ടത്തിലാണ് എന്ന് നമുക്ക് ബോധ്യമാകും. ലോകം നമ്മുടെ സ്നേഹിതനല്ല മറിച്ച് ശത്രുവാണെന്ന് മനസിലാകും. നമുക്ക് ഇവിടെ സന്തുഷ്ടരായി ജീവിക്കാൻ കഴിയാതെ വരും. വചനം പറയുന്നതുപോലെ ഇത് അന്യദേശമാണെന്ന ബോധ്യം ഉണ്ടാകും. നാം ദൈവത്തോടു ചേർന്നു നടന്നുകൊണ്ട് ഈ ലോകത്തിൽ ആത്മീകരായ് ജീവിക്കാൻ ശ്രമം ചെയ്താൽ, ആത്മീകമായി ജീവിപ്പാൻ തീർത്തും അസാധ്യമായ ഒരു സ്ഥലമാണ് ഈ ലോകമെന്ന് നമുക്ക് മനസിലാകും. ദൈവീക ക്രമപ്രകാരം നമുക്കിവിടെ ജീവിക്കണമെങ്കിൽ ദൈവകൃപയാൽ മാത്രമെ അത് സാദ്ധ്യമാകുകയുള്ളൂ.

ദൈവം ഉണ്ടാക്കിയ ഈ പ്രപഞ്ചത്തിൽ ക്രമമായൊരു സമ്പൂർണ്ണ വ്യവസ്ഥിതി ഉണ്ടായിരുന്നു. എന്നാൽ പാപം നിമിത്തം ആ വ്യവസ്ഥിതി നഷ്ടപ്പെട്ടു. ഈ പ്രപഞ്ചത്തിൽ ആത്മീകവും ധാർമ്മികവുമായ വലിയ തകർച്ച സംഭവിച്ചു. ആ നഷ്ടപ്പെട്ട വ്യവസ്ഥിതിയുടെ പുനഃക്രമീകരണവും യഥാസ്ഥാപനവും ക്രിസ്തുവിലാണ്. കർത്താവിന് ഈ ക്രമരഹിതമായ ഭൂമിയേയും മഹത്വം നഷ്ടപ്പെട്ട മനുഷ്യനേയും കേടുപോക്കി ആദിയിലുണ്ടായിരുന്ന സ്വർഗ്ഗീയ വ്യവസ്ഥിതിയുടെ മനോഹരരൂപം ഉണ്ടാക്കേണ്ടതുണ്ട്.




കർത്താവ് ഭൂമിയിലേക്കു വന്നു താൻ ക്രമത്തോടുകൂടെ ജീവിച്ചു, പ്രവർത്തിച്ചു, ഉപദേശിച്ചു. യേശുവിനെ കാണുമ്പോൾ നമുക്ക് സ്വർഗ്ഗത്തിന്റെ സമ്പൂർണ്ണക്രമം മനസ്സിലാക്കാം. സ്വർഗ്ഗത്തിൽ കാര്യങ്ങൾ എങ്ങനെയാണ് നടക്കുന്നത് എന്ന് നാം അറിഞ്ഞിരുന്നെങ്കിൽ നാം ഒരിക്കലും ക്രമരഹിതമായി ആത്മീയ ജീവിതം നയിക്കയില്ലായിരുന്നു! നമ്മുടെ ആശയക്കുഴപ്പങ്ങളൊക്കെ മാറ്റിവെച്ച് കർത്താവിന്റെ മുമ്പിൽ നമ്മെ തന്നെ സമർപ്പിക്കാം. ക്രമരഹിതമായ ജീവിതത്തിൽ നിന്ന് ക്രമപൂരിതമായ ജീവിതത്തിലേക്കും ക്രമപൂരിതമായ ജീവിതത്തിൽ നിന്നും മഹത്വത്തിലേക്കും പ്രയാണം ചെയ്യാൻ ദൈവം കൃപ ചൊരിയട്ടെ, ഇന്നും എന്നും.


## പരസ്യമായി പങ്കുവെക്കാൻ കഴിയാത്ത പ്രാർത്ഥനാ വിഷയങ്ങളുമായി നിങ്ങൾ ഭാരപ്പെടുന്നുവോ?

ദൈവഹിത പ്രകാരം ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണെങ്കിൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എന്നാൽ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവൻ നിങ്ങളുടെ വിഷയങ്ങളിൽ തീർപ്പുകൽപ്പിക്കും.

Hello Hope Prayer Cell

+973 3355 2886
+973 3933 6575
+973 3838 3399
+973 1787 71 71
hhgulfnews@gmail.com

പ്രാർത്ഥനാവിഷയങ്ങളും വ്യക്തികളേയും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.



"ഹലോ ഹോപ്പ്" ജേർണലിൽ വരുന്ന എല്ലാ ലേഖനങ്ങളിലേയും പതിവ് പംക്തികളിലേയും പരസ്യങ്ങളിലേയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും പൂർണ്ണ ഉത്തരവാദിത്വം എഴുത്തുകാർക്കും പരസ്യദാതാക്കൾക്കും മാത്രമാണ്.

-എഡിറ്റർ-

Views and opinions expressed in various articles, features and advertisements in "Hello Hope" are only of the writers and advertisers and not necessarily of the publishers.


-Editor-


HH കുഞ്ഞാപ്പി & ജന്നാമ്മ



# ജീവിതത്തിലെ താഴ്‌വരകളും... താഴ്‌വരകളുടെ ദൈവവും

2




ജിജോ അങ്കമാലി

വേദപുസ്കത്തിൽ ദൈവത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നതിൽ വേറിട്ടു നിൽക്കുന്നതും വിശേഷതയുള്ളതുമായ ഒരു പ്രയോഗമാണ് താഴ്‌വരകളുടെ ദൈവം എന്നത്. താഴ്‌വരകളുടെ ദൈവം എന്ന മനോഹര പ്രയോഗത്തിന് കളമൊരുങ്ങുന്നത് ഒന്നു രാജാക്കന്മാർ 20-ാം അദ്ധ്യായത്തിലാണ്. അരാം രാജാവായ ബെൻ-ഹദദ്, 32 രാജാക്കന്മാരുമൊത്ത് യിസ്രായേൽ രാജാവായ ആഹാബിനെ ആക്രമിക്കാനൊരുങ്ങി. എന്നാൽ 'ഈ മഹാസംഘത്തെ ഒക്കേയും നിന്റെ കയ്യിൽ ഏല്പിക്കും. ഞാൻ യഹോവ എന്ന് നീ അറിയും' (20: 13) എന്ന പ്രാവചക വാക്യ പ്രകാരം മണിപ്പന്തലിൽ കുടിച്ചുകൊണ്ടിരുന്ന ബെൻ-ഹദദിന്റെ രാജവൃന്ദത്തെ 232 ബാല്യക്കാരും 7000 പടജ്ജനവും ചേർന്ന് കഠിനമായി തോല്പിച്ചു. വലിയൊരു വിജയം കൈവശമാക്കി. വിജയികളായ യിസ്രായേൽ ജനതതിയോട് അതേ പ്രവാചകൻ മറ്റൊരു കാര്യം പറഞ്ഞു 'ധൈര്യപ്പെട്ടു ചെന്നു നീ ചെയ്യുന്നത് കരുതിക്കൊൾക; ഇനിയത്തെ ആണ്ടിൽ അരാം രാജാവ് നിന്റെ നേരെ പുറപ്പെട്ടു വരും (20: 22). ആ വാക്കുകളിൻ പ്രകാരം ഒരളവോളം അവർ ഒരുക്കങ്ങളും തുടങ്ങി.

എന്നാൽ മറുഭാഗത്ത് ശത്രു യുദ്ധതന്ത്രം മാറ്റാൻ കരുക്കൾ നീക്കാനാരംഭിച്ചു. അരാം രാജഭൃത്യന്മാർ രാജാവിനോട് ഇപ്രകാരം പറഞ്ഞു 'അവരുടെ ദേവന്മാർ പർവ്വത ദേവന്മാരാകുന്നു. അതുകൊണ്ടത്രെ അവർ നമ്മെ തോല്പിച്ചത്. സമഭൂമിയിൽ വെച്ച് അവരോട് യുദ്ധം ചെയ്താൽ നാം അവരെ തോല്പിക്കും (20: 23). അതിനനുസരിച്ച് യുദ്ധനഷ്ടം നികത്തി, കുതിരപ്പടയേയും സൈന്യത്തേയും സജ്ജരാക്കി യുദ്ധത്തിനുള്ള ഒരുക്കങ്ങളാരംഭിച്ചു. ഒരു വർഷത്തിനുശേഷം യിസ്രായേലിനെതിരെ പാളയമിറങ്ങി. ദേശം നിറയത്തക്ക നിലയിൽ അരാമ്യസൈന്യസംഖ്യ ബ്രഹത്തായിരുന്നപ്പോൾ ആട്ടിൻകുട്ടികളുടെ രണ്ടു ചെറിയ കൂട്ടം പോലുള്ള സൈന്യമേ യിസ്രായേലിനുണ്ടായിരുന്നുള്ളൂ. അത്തരുണത്തിൽ ഒരു ദൈവപുരുഷൻ ആഹാബിന്റെ അടുക്കൽ വന്ന് ധൈര്യം പകരാനായ് പറഞ്ഞ വാക്കുകളാണ് 'യഹോവ പർവ്വത ദേവനാകുന്നു. താഴ്‌വര ദേവനല്ല' എന്ന് അരാമ്യർ പറകകൊണ്ട് ഞാൻ ഈ മഹാസംഘത്തെ ഒക്കെയും നിന്റെ കയ്യിൽ ഏല്പിക്കും. ഞാൻ യഹോവ തന്നേ എന്ന് നിങ്ങൾ അറിയും (1 രാജാ. 20: 28).

പർവ്വതങ്ങളിൽ മാത്രം വിജയം നൽകുന്ന ദൈവമാണ് യിസ്രായേലിന്റെ ദൈവം എന്നായിരുന്നു ശത്രുവിന്റെ കണക്കുകൂട്ടൽ. അതുകൊണ്ടാണ് സമതലത്തിൽ വച്ച് അഥവാ താഴ്‌വരയിൽ വച്ച് യുദ്ധം ചെയ്താൽ യിസ്രായേല്യർ ഒന്നാകെ പരാജയപ്പെടും എന്ന് ധരിച്ച് യുദ്ധതന്ത്രം മെനഞ്ഞത്. എന്നാൽ യുദ്ധം ആരംഭിക്കുന്നതിന് മുമ്പ് തന്നെ ദൈവം ഒരു കാര്യം തറപ്പിച്ചു പറഞ്ഞു 'ഞാൻ പർവ്വത ദൈവം മാത്രമല്ല താഴ്‌വരകളുടെ ദൈവം' കൂടെയാണ്.

എന്തായിരുന്നു അനന്തരഫലം? ഒറ്റ ദിവസം കൊണ്ട് ഒരു ലക്ഷം അരാമ്യരെ യിസ്രായേൽ കൊന്നൊടുക്കി.




പേടിച്ചോടിയ ഇരുപത്തേഴായിരം പേർ ആഫേക്ക് പട്ടണത്തിൽ കടന്നു. അവരുടെ മേൽ പട്ടണ മതിൽ വീണു. ഒന്നൊഴിയാതെ ശത്രു സൈന്യം ഒന്നാകെ പടഭൂമിയിൽ പട്ടുപോയി. ഉള്ളറയിലൊളിച്ച ബെൻ-ഹദദിനേയും കൈയ്യോടെ പിടികൂടി. 'ദൈവം താഴ്‌വരദേവനല്ല' എന്ന് പറഞ്ഞ അതേ സൈന്യത്തെ, താഴ്‌വരയിൽ വച്ചു തന്നെ ഉന്മൂലനാശമാക്കിക്കൊണ്ട് ദൈവം ഉച്ചൈസ്തരം വിളിച്ചു പറഞ്ഞു 'ഞാൻ പർവ്വതദേവൻ മാത്രമല്ല താഴ്‌വരദേവൻ കൂടെയാണ്'. അതെ, നമ്മുടെ ദൈവം താഴ്‌വരകളുടെ ദൈവമാണ് സ്തോത്രം.

നമ്മുടെ ഉൾത്തടങ്ങളിൽ കുളിരു പകരുന്ന സാന്ത്വന വാക്കുകളായ് ഇതിരിക്കുന്നില്ലയോ? പർവ്വതദേവൻ എന്ന നിലയിൽ ദൈവത്തെ അറിയാനും അനുഭവിക്കാനും അംഗീകരിക്കാനും നമുക്കിഷ്ടമാണ്, എളുപ്പമാണ്. എന്നാൽ ജീവിതത്തിൽ താഴ്‌വരകളുടെ അനുഭവമുണ്ടാകുമ്പോൾ 'മുമ്പിലൊരു ചോടു വയ്പാൻ മാത്രം ഇടം കാണുമ്പോൾ' 'നാളെ എന്തു നടക്കും, ഞാനറിയുന്നില്ല' എന്ന് പാടേണ്ടിവരുമ്പോൾ 'എന്റെ ഭാവിയെല്ലാം എന്റെ ദൈവം അറിയുന്നു' എന്ന് 'പൂർണ്ണസമാധാനത്തോടെ നാൾ മുഴുവൻ പാടണമെങ്കിൽ നമ്മുടെ ദൈവം 'താഴ്‌വരകളുടെ ദൈവ'മാണെന്ന് ആഴമായറിഞ്ഞുറക്കണം. ആ വിധത്തിലനുഭവിച്ചവരാണ് 'കഷ്ടതയിലും പാടുവാൻ, നഷ്ടമതിൽ കൊണ്ടാടുവാൻ ശക്തി ആർജ്ജിക്കുന്നത്'.

'ഞാൻ കഷ്ടതയിലായതു ഗുണമായി' എന്നല്ലേ എന്നത്തേയും സാക്ഷ്യവാചകം?

'താഴ്‌വര ദൈവമെന്ന്' ദൈവം പറയും മുമ്പെ 1 രാജാ. 18-ാം അദ്ധ്യായത്തിൽ ഒറ്റക്ക് നിന്ന് ബാലിന്റെ 450 പ്രവാചകന്മാരെ പർവ്വതമുകളിൽ നിന്ന് വെല്ലുവിളിച്ച ഏലിയാവിനെ നാം കാണുന്നുണ്ട്. 'തീകൊണ്ട് ഉത്തരമരുളിയ ദൈവം' പർവ്വത ദേവനെന്ന് പ്രവാചകനും ജനവും പെട്ടെന്ന് മനസിലാക്കി. എന്നാൽ അതേ ദൈവം തന്നെയാണ് താഴ്‌വരാനുഭവങ്ങളിലും കൂടെയുള്ളത് എന്ന് മനസിലാക്കാൻ പിന്നെയും സമയമെടുത്തു.

കർമ്മേലിലെപ്പോലെയുള്ള പർവ്വത മുകളിലെ വിജയം നമുക്കിഷ്ടമാണ്. പർവ്വതമുകളിൽ ഒറ്റക്കാണെങ്കിലും ശത്രുവിനെ നേരിടാനും വെല്ലുവിളിക്കാനും നാം ശക്തി സംഭരിക്കും. എന്നാൽ താഴ്‌വരകളിലേക്ക് നടത്തപ്പെടുമ്പോൾ ഒറ്റക്കല്ല കൂട്ടമായ് നിന്നാൽ പോലും ശക്തി ചോർന്നു പോകുന്നതു പോലെ തോന്നും. താഴ്‌വരാനുഭവങ്ങളിൽ ദൈവം കൂടെയുണ്ടോ എന്നു നാം സംശയിച്ചുപോകും. ദൈവത്തിന് സഹായിപ്പാൻ കഴിയുമോ എന്ന സന്ദേഹം നമ്മെ ഭരിക്കും.

എന്നാൽ ദൈവജനം ഒരിക്കലും അധൈര്യപ്പെടരുത്. ശക്തിയോടെ അരമുറുക്കുക. കാരണം ദൈവം താൻ തന്നെയാണ് ആവർത്തിച്ചു നമ്മോടു പറയുന്നത് 'ഞാൻ താഴ്‌വര ദേവനാണ്' എന്ന്. പിന്നെന്തിന് നാം അശക്തരാകണം? എന്തിന് നമ്മുടെ മുഖം വാടണം? എന്തിന് നാം പരിഭവിക്കണം? സകലവും നന്മക്കായ് കൂടി വ്യാപരിപ്പിക്കുന്ന ദൈവം തന്നെയല്ലേ താഴ്‌വരകളുടെ ദൈവമായ് കൂടെയുള്ളത്! അതെ, ഈ ദൈവം ഇന്നുമെന്നേക്കും നമ്മുടെ ദൈവം തന്നെ.

## Dr. Hope



### പ്രസംഗക്കുറിപ്പുകൾ

### കർത്താവിന്റെ പ്രത്യക്ഷതകൾ

1. മഗ്ദലക്കാരത്തി മറിയയ്ക്ക് - മർക്കൊസ് 16: 9-11
2. ശിമോൻ പത്രോസിന് - ലൂക്കോസ് 24: 34
3. എമ്മവുസ്സിലേക്കുള്ള വഴിയിൽ രണ്ടുപേർക്ക് - ലൂക്കോസ് 24: 13-32, മർക്കോസ് 16: 12
4. തോമസ് ഇല്ലാതെ, പത്ത് അപ്പൊസ്തലന്മാർക്ക് - യോഹന്നാൻ 20: 19-25, മർക്കോസ് 16: 14, ലൂക്കോസ് 24: 36-49
5. തോമസോടുകൂടെ, പതിനൊന്നു അപ്പൊസ്തലന്മാർക്ക് - യോഹന്നാൻ 20: 26-29
6. ഗലീലക്കടലിനരികിൽ വെച്ചു ഏഴു ശിഷ്യന്മാർക്ക് - യോഹന്നാൻ 21: 1-23
7. ഗലീലയിൽ വെച്ചു പതിനൊന്നു അപ്പൊസ്തലന്മാർക്ക് - മത്തായി 28: 16-20, മർക്കൊസ് 16: 15-18
8. അഞ്ഞൂറിലധികം സഹോദരന്മാർക്ക് - 1 കൊരിന്ത്യർ 15: 6
9. യാക്കോബിന് - 1 കൊരിന്ത്യർ 15: 7
10. പൗലോസിന് - 1 കൊരിന്ത്യർ 15: 8, അപ്പൊ.പ്രവ. - 9: 26





തോമസ് പി. ജോൺ

1912 ഏപ്രിൽ 14-ാം തീയ്യതി ലോകത്തെ ഞെട്ടിച്ച ഒരു ദുരന്തം ഉണ്ടായി. ഇംഗ്ലണ്ടിലെ സൗത്ത് ആംടൺ എന്ന തുറമുഖത്തു നിന്ന് ന്യൂയോർക്കിലേക്ക് യാത്ര തിരിച്ച ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ടൈറ്റാനിക് എന്ന കപ്പലിനെ നിർമ്മാതാക്കൾ കടലിന്റെ റാണിയെന്നാണ് വിശേഷിപ്പിച്ചത്. ഇത്രയും സജ്ജീകരണങ്ങളുള്ള ഈ കപ്പലിനെ മുക്കുവാൻ ദൈവത്തിനുപോലും സാധിക്കത്തില്ലെന്ന് നിർമ്മാതാക്കൾ അവകാശപ്പെട്ടു. ടൈറ്റാനിക് തകരുന്നതിന് തലേദിവസം ക്യാപ്റ്റൻ 6 സന്ദേശങ്ങൾ വന്നു. തണുപ്പ് കനത്തതാണ് കടലിൽ മഞ്ഞുമലകൾ ഉണ്ടാകുവാൻ സാധ്യതയുണ്ടെന്നായിരുന്നു അത്. ആ മുന്നറിയിപ്പുകളെ അവഗണിച്ച് മുന്നോട്ടു പോകുകമ്പോൾ ദുരന്തം ഉണ്ടാവുകയും 1513 പേർ മരിക്കുവാനും ഇടയായി.

പ്രിയരെ, ഇതിനേക്കാളും ഗൗരവ്വമേറിയ അനേകം മുന്നിറിയിപ്പുകളെ വിശുദ്ധവേദപുസ്കത്തിൽ ദർശിക്കുവാൻ സാധിക്കും. ഒന്നാമതായി ഉല്പത്തി പുസ്തകത്തിൽ നിന്നും തന്നെ തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടതായ മനുഷ്യനോട് ദൈവം കല്പിച്ചു 'ഈ തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം നിങ്ങൾക്കു തിന്നാം, എന്നാൽ തോട്ടത്തിന്റെ നടുവിൽ നി ൽക്കുന്ന വൃക്ഷത്തിന്റെ ഫലം തിന്നരുത്. തിന്നുന്ന നാളിൽ നിങ്ങൾ മരിക്കും'(ഉല്പത്തി 2: 16,17). ഈ കല്പന ആദ്യം ഹൗവ്വ ലംഘിക്കുവാനിടയായി. തുടർന്ന് ആദാമും ഹൗവ്വയും തോട്ടത്തിൽ നിന്നും പുറത്താക്കപ്പെട്ടു.

മനുഷ്യർ എണ്ണത്തിൽ പെരുകുവാൻ തുടങ്ങി. തുടർന്നു ജനം ദുർമാർഗ്ഗങ്ങളിലേക്കും വെറിക്കൂത്തുകളിലേക്കും നീങ്ങുവാൻ തുടങ്ങി. നോഹയുടെ തലമുറയിൽ നോഹയ്ക്ക് യഹോവയുടെ കൃപ ലഭിച്ചു (ഉല്പത്തി 6:8).

'ദൈവം നോഹയോട് കല്പിച്ചതെന്തന്നാൽ; സകല ജഡത്തിന്റേയും അവസാനം എന്റെ മുമ്പിൽ വന്നിരിക്കുന്നു. ഭൂമി അവരാൽ അതിക്രമം കൊണ്ട് നിറഞ്ഞിരിക്കുന്നു. ഞാൻ അവരെ ഭൂമിയോടു കൂടെ നശിപ്പിക്കും' (ഉല്പത്തി 6: 13). എന്നാൽ നീ ഒരു പെട്ടകം ഉണ്ടാക്കേണം അതു ഗോഫർ മരം കൊണ്ട് തന്നെയായിരിക്കണം.

മൂന്നൂറു മുഴം നീളവും അമ്പതു മുഴം വീതിയും മുപ്പതു മുഴം ഉയരവും വേണം. ദൈവം കൊടുത്ത മാതൃകയിലും അളവിലും നോഹ പെട്ടകം ഉണ്ടാക്കി. ദൈവം കല്പിച്ച എല്ലാ കാര്യങ്ങളും നോഹ ചെയ്തു. തുടർന്നു നോഹയും കുടുംബവും പെട്ടകത്തിൽ കയറി. ദൈവം പെട്ടകത്തിന്റെ വാതിൽ അടച്ചു. ആകാശത്തു നിന്ന് മഴയും ഭൂമിയിൽ നിന്നു നീരുറവുകളും തുറന്നു പെട്ടകം വെള്ളത്തിലൂടെ സഞ്ചരിക്കുവാൻ തുടങ്ങി (ഉല്പത്തി 7: 21). മൂക്കിൽ ജീവശ്വാസമുള്ളതൊക്കേയും ചത്തു.

സ്നേഹിതാ, ദൈവത്തിൽ നിന്നു ഇതുപോലെയുള്ള മുന്നറിയിപ്പുകൾ അവഗണിക്കാതെ നമുക്കു യാത്ര ചെയ്യാം. വിവേകശാലിയായ ഒരു ഡ്രൈവർ മുന്നറിയിപ്പുകളെ മനസ്സിലാക്കി ദുരന്തങ്ങളെ ഒഴിവാക്കി മുന്നോട്ടു പോകുന്നതുപോലെ നമുക്കു മുന്നോട്ടു പോകാം.





Sachin Chandy Chacko

Wars and battles have been part of history from time immemorial. Countries have developed strategies, plans and blueprints for their survival. They have spent a large portion of people's money for maintaining their military power. Lives of people were brought to drastic ends irrespective of their social status. In short it is these wars that decided the future survival and prosperity of the country.

'War cries are calls made to rally soldiers for battle. These calls boil the blood of the soldiers equipping them to die for their country. They forget their home; their family, their children and set out to kill or die for their country. War cries are wake up calls for these soldiers reminding them that its time!!

But have you ever heard a war cry winning a battle for a country? Ever heard the enemies getting defeated at the cry of the people?

In 2nd chronicles, chapter 20 we see the triumphant victory of Jehoshaphat and his army over the Moabites, ammonites etc. The plot of the story revolves around a praying king Jehoshaphat who neither had a strong military support nor was a battle plan, all he knew was to pray. The enemy was so strong and confident to wipe out every memory of Jehoshaphat and his people from the earth. All they had to do was to wait for their death. Bible says that irrespective of knowing what would happen Jehoshaphat resolved to inquire and declared a fast throughout Judea.

Long story short, the much terrified day finally arrived and Jehoshaphat along with his soldiers assembled in the desert of Tekoa for the battle, all they had to do was to put their faith in God and wait, not knowing what would happen. The soldiers trained for battle began to praise God singing songs and hymns and thus became an object of mockery for people.

But the much anticipated day ended with history recording the names of Jehoshaphat and people for their victory over their enemies without the use of a single weapon. They praised God and he fought the war for them. Bible says that God sent ambushes against the men of Ammon and Moab and Mount Seir who were invading Judah and they were defeated.

We being the children of God confront our life battles with planned strategies. We think, consult, and spend sleepless nights on how to go further in life and in most of the situations end up being defeated. But there is a lesson to be learnt from this story, Gods call on you is not fight battles you cannot win and get defeated. He does not want you to plan strategies for wars you have no idea about. At times of trials, wars, temptations, etc., God says keep praising.

So...... In war, keep praising
In distress, keep praising
In temptation, keep praising
In sickness, keep praising
In failure, keep praising

You know why??

Because there is a GOD fighting for you

AMEN!!!!!!

# ജോസഫിനെ അറിയാത്ത രാജാവ്



പാസ്റ്റർ അനി ചാക്കോ

വൈദ്യനായ ലൂക്കോസ് എഴുതിയ അപ്പോസ്തോല പ്രവർത്തികളിൽ ഏകദേശം 22 പ്രസംഗങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ യരു ശലേമിലെ സന്നദ്രീം സംഘത്തിന്റെ മുമ്പാകെ സ്റ്റേഫാനോസ് പറഞ്ഞ പ്രസംഗമാണ് ഏറ്റവും ദീർഘമായ പ്രസംഗം .ആ പ്രസംഗത്തിൽ താൻ പ്രസ്താവിച്ച ഒരു വിഷയമാണ് ജോസഫിനെ അറിയാത്ത വേറൊരു രാജാവ് മിസ്രയീമിൽ വാണു എന്നുള്ളത് .( അരഭ .. 7:18 ) .

മിസ്രയീമിലെ രാജാക്കന്മാരെ വിളിച്ചിരുന്നത് ഫറവോൻ എന്നായിരുന്നു. BC1710നും 1570 നും ഇടയിലുള്ള 140 വർഷം മിസ്രയീം ഭരിച്ചത് സിറിയ, കനാൻ തുടങ്ങിയ കിഴക്കൻ അയൽ രാജ്യങ്ങളിലെ ഹിക് സോസ് വംശക്കാരായിരുന്നു.ഇവരിൽ പ്രധാനി അ പോപ്പി എന്ന ഫറവോനായിരുന്നു.ജോസഫ് പ്രധാനമന്ത്രി ആയതും ,തന്റെ സഹോദരന്മാർക്ക് ഫലഭൂയിഷ്ടമായ ഗോശൻ ദേശം നൽകിയതും ഈ ഫറവോ രാജാവിന്റെ കാലത്താണ്.

നാട്ടുകാരായ മിസ്രയീമ്യരോടു നിർദ്ദയമായി പെരുമാറുന്നതും വിദേശികളായ അന്യ നാട്ടുകാരോടു അനു ഭാവപൂർവ്വം പെരുമാറുന്നതും അവരുടെ നയമായിരുന്നു. അതു കൊണ്ടാണ് അന്നത്തെ ഫറവോൻ അന്യ നാട്ടുകാരനായ ജോസഫിനോടു സ്നേഹപൂർവ്വം ഇടപെട്ടതു .മാത്രമല്ല അത് ജോസഫിനെക്കുറിച്ചുള്ള ദൈവ പദ്ധതിയുടെ ഭാഗവും ആയിരുന്നു.

നാട്ടുകാരായ മിസ്രയീമ്യർ വിദേശികളായ ഹിക് സോസ് വംശജരായ ഫറവോ രാജാക്കന്മാർക്കെതിരെ ശക്തമായ അഭ്യന്തര കലാപത്തിലൂടെ സമരം ആരംഭിച്ചു. അവരിൽ നിന്നും അധികാരം പിടിച്ചെടുത്തു, മിസ്രയീമ്യർ തന്നെ ഈജിപ്റ്റിന്റെ ഭരണാധികാരികളായി മാറി. ഇതിൽ ശരിക്കും ബലിയാടായി മാറിയത് യിസ്രയേൽമക്കളാണ്. യിസ്രയേൽമക്കളുടെ സംഖ്യാ ബാഹുല്യവും ശക്തിയും, തങ്ങൾക്കെതിരെ പ്രയോഗിച്ചു രാജ്യം അവർ കീഴടക്കും എന്നു ഫറവോൻ തെറ്റിദ്ധരിച്ചു. അവരുടെ നാടിന്റെ നന്മ അനുഭവിച്ചു സമ്പന്നരായി തീർന്ന യിസ്രയേൽമക്കൾ മിസ്രയീമ്യരുടെ കണ്ണിലെ കരടായി മാറി .

ജോസഫിന്റെ കാലത്ത് ഉണ്ടായത് പോലെ ക്ഷാമം വന്നാൽ പിടിച്ചു നിൽക്കുവാൻ അതിജീവിക്കുവാൻ പാണ്ഡിക ശാലകളും സംഭരണ നഗരങ്ങളും പണിയാൻ തീരുമാനിച്ചു അവർ. ഈ പണിക്കു വേണ്ടിയ ഇഷ്ടികകൾ ഉണ്ടാക്കുവാൻ യിസ്രയേൽ മക്കളെയാണ് നിയോഗിച്ചത്. വിദേശികളായ ഫറവോ രാജക്കന്മാരുടെ പരിലാളനമേറ്റ് ജീവിച്ചിരുന്ന മറ്റ് കഠിനമായ ശാരീരിക അധ്വാനമുള്ള ജോലികൾ ചെയ്തു ശീലമില്ലാത്ത യിസ്രയേൽമക്കൾ, അന്യനാട്ടിലെ അടിമപ്പണി നിമിത്തം കരയാനാരംഭിച്ചു. അവരുടെ ജീവിതം കൈയ്പ്പായി മാറി. ഹിക് സോസ് ഫറവോ ക ളു ടെ വാത്സല്യഭാജനങ്ങൾ, ജോസഫിനെ അറിയാത്ത ഫറവോ ക ളു ടെ നോട്ടപ്പുള്ളികളും അനിഷ്ടരും ആയി മാറിയിരുന്നു ആ കാലത്ത്. ഈ സംഭവം സ്റ്റേഫാനോസ് തന്റെ പ്രസംഗത്തിൽ എന്തിനു സൂചിപ്പിച്ചു ..?

ഒരു രാജ്യം ആണങ്കിലും പട്ടണം ആണങ്കിലും സംഘടനയോ ,സഭയോ സ്ഥാപനമോ എന്താണങ്കിലും അതിന്റെ വളർച്ചക്കും ഉയർച്ചക്കും പുറകിൽ അധ്യാനിച്ച ആരെങ്കിലും ഒക്കെ ഉണ്ടാകും.അവരുടെ സമയം ,സമ്പത്ത് ,ശക്തി ,അറിവ് ഇങ്ങനെ പലതും അതിനു വേണ്ടി ചിലവഴിച്ചിട്ടും ഉണ്ടാകാം. കഠിനാധ്വാനവും ലക്ഷ്യ ബോധവും അവർക്കുണ്ടായതു കൊണ്ടാണ് രാജ്യവും പട്ടണവും സഭയും ഭവനവും ഒക്കെ വളർന്നതും നിലനിന്നതും ഒക്കെ. ഇന്ന് തലയെടുപ്പോടെ നിൽക്കുന്ന പലതിന്റെയും പുറകിൽ ഇതുപോലുള്ള ആരുടെ എങ്കിലും അധ്വാനം നാം കാണാതിരിക്കരുത്. ഏതിന്റെയും മുൻകാല ചരിത്രം മനസ്സിലാക്കി പ്രവർത്തിക്കാത്തവർക്കുള്ള അടയാളമാണ് ജോസഫിനെ അറിയാത്ത രാജാവ്.

ഏഴ് (7) വർഷം നീണ്ടു നിന്ന ക്ഷാമകാലത്ത് ചുറ്റുപാടുമുള്ള എല്ലാ രാജ്യങ്ങളും പട്ടിണി കൊണ്ട് പൊറുതിമുട്ടിയപ്പോൾ മിസ്രയീമിലെ ജനത്തെ പട്ടിണിയിൽ നിന്നു രക്ഷിച്ചതു ജോസഫിന്റെ ദൈവകൃപയോടു കൂടിയ സമയോചിതമായ ഇടപെടലായിരുന്നു. രാജ്യത്ത് പട്ടിണി നിമിത്തം ആഭ്യന്തര കലാപം ഉണ്ടാകാതെയും കൂട്ട ആത്മഹത്യകൾ നടക്കാതെയും സംഭവിക്കാതെയും ഇരുന്നത് ജോസഫ് ദീർഘവീക്ഷണത്തോടു കൂടി എടുത്ത ചില തീരുമാനങ്ങളും നടപടികളും കൊണ്ടായിരുന്നു. മിസ്രയീമിന്റെ കീർത്തി ലോകത്തിന്റെ നെറുകയിലെത്താൻ കാരണം ജോസഫ് ആയിരുന്നു എന്ന് അക്കാലത്തുള്ള എല്ലാവരും അംഗീരിച്ചിട്ടുള്ളതുമാണ്. അന്നത്തെ ഫറവോൻ പ്രത്യുപകാരം കാണിച്ചത് മിസ്രയീമിലെ ഏറ്റവും പുഷ്ടിയുള്ള റമ്സേസ് ദേശം ജോസഫിന്റെ സഹോദരന്മാക്ക് കൊടുത്തുകൊണ്ടായിരുന്നു.

നീണ്ട ഏഴു വർഷക്കാലം ലക്ഷക്കണക്കിനു ജനങ്ങൾക്കു ഭക്ഷണം കൊടുത്ത് പോറ്റി പുലർത്തിയ ജോസഫിനെ മറന്നിട്ടു പിന്നീടവന്ന ഫറവോന്മാർ അവന്റെ വംശത്തോടു ഉപായം പ്രയോഗിച്ചു അവരെ പീഡിപ്പിച്ചത് ഒരു കാരണവശാലും നീതിയുള്ള പ്രവർത്തി അല്ലായിരുന്നു.

ഇന്നും ജോസഫിനെ അറിയാത്ത ജോസഫ് ചെയ്ത കാര്യങ്ങൾ അറിഞ്ഞിട്ടും അത് വിസ്മരിച്ചു ജോസഫിന്റെ വംശത്തോടു ഉപായം പ്രയോഗിക്കുന്ന ഫറവോന്മാർ ആത്മീയ ലോകത്തു വിലസുന്നുണ്ട്.

ഒരിക്കലും സുവിശേഷം കേട്ടിട്ടില്ലാത്ത സ്ഥലത്ത് ചെന്ന് കഷ്ടപ്പെട്ടു ,പട്ടിണി കിടന്നു സഭകൾ ഉണ്ടാക്കിയ ജോസഫുമാർ ..
അനേകം ദൈവ ദാസന്മാരെ തീറ്റിപ്പോറ്റിയ ജോസഫുമാർ ..
സഭാഹാളുകൾ ,സെമിത്തേരിക്കുള്ള സ്ഥലങ്ങൾ വാങ്ങിക്കൊടുത്ത ജോസഫുമാർ. നമ്മുക്കു ചുറ്റിലും ഉണ്ട്. അവരെ, അവരുടെ വംശത്തെ ബഹുമാനിക്കണം, അവരുടെ വംശത്തെ പീഡിപ്പിച്ച് ഇല്ലാതാക്കുവാൻ ശ്രമിക്കരുത്.

ന്യായം വിധിക്കുന്ന ഒരു ദൈവം ഉണ്ടന്നും മറക്കരുത് ഫറവോന്മാർ ' അജ്ഞതയുടെയും അന്ധവിശ്വാസത്തിന്റെയും ഇരുട്ടിൽ കിടന്ന , പട്ടിണിയിലും പഞ്ഞത്തിലും കിടന്ന ജനത്തെ ജീവനിലേക്കും വെളിച്ചത്തിലേക്കും കൈപിടിച്ചു നടത്തിയ ജോസഫുമാരെ ഒരു രാജ്യത്തിനും മറക്കാൻ കഴിയില്ല. മിഷണറി മാർ നമ്മുടെ രാജ്യത്ത് ചെയ്ത കാര്യങ്ങൾ ഒരു ഭരണാധികാരിക്കും കണ്ടില്ലന്നു നടിക്കാൻ കഴിയില്ല. ഇന്ന് നമ്മുടെ നാടനുഭവിക്കുന്ന എല്ലാ നന്മകൾക്കും പുറകിൽ അവരുടെ ദീർഘവീക്ഷണവും അധ്വാനവും ഉണ്ട്.അത് മറന്ന് ആ വംശത്തോടു ഉപായം പ്രയോഗിച്ചു അവരെ ഇല്ലാതാക്കുവാൻ അന്നെന്ന പോലെ ഇന്നും ജോസഫിനെ അറിയാത്ത ഫറവോന്മാർ എഴുന്നേറ്റിരിക്കുകയാണ്.

ദൈവത്തിനു വേണ്ടി , മറ്റുള്ളവർക്കു വേണ്ടി ജീവിതം ഉഴിഞ്ഞു വച്ചവരെ മറന്നു അവരുടെ വംശത്തെ ഇല്ലാതാക്കുന്ന ഫറവോന്മാർ ഇനിയും ഉണ്ടാകും. എങ്കിലും നന്മ ചെയ്യുന്നതിൽ തളരരുത്. തളർന്ന കൈകളെ നിവർത്തണം .കുഴഞ്ഞ മുഴങ്കാലുകളെ ഉറപ്പിക്കണം . കർത്താവിനു വേണ്ടി ഇനിയും പ്രവർത്തിക്കണം .. കഷ്ടം അനുഭവിക്കുന്ന ദൈവജനത്തിനു ഒരു പുറപ്പാടും ,കഷ്ടപ്പെടുത്തിയ ഫറവോനു ഒരു ന്യായവിധിയും കർത്താവു ഒരുക്കിയിരിക്കുന്നു.

ജോസഫിനെ അറിയാത്ത രാജാക്കന്മാർ ഇനിയും എഴുന്നേൽക്കട്ടെ. ദൈവമക്കൾ പുറപ്പെടുവാൻ ഒരുങ്ങുക. ദൈവം അനുഗഹിക്കട്ടെ.




# 'ദൈവത്തേക്കാൾ...'



ലിജോ അബ്രഹാം

ഇന്നീ ലോകത്തു ഏറ്റവും കൂടുതൽ ആരെയാണ് സ്നേഹിക്കുന്നതെന്നു ഒരാളോട് ചോദിച്ചാൽ എന്റെ പ്രാണനേക്കാളും ഞാനെന്റെ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുന്നവർ വരിളമായിരിക്കും. 'ഒരുത്തൻ ദൈവത്തെ സ്നേഹിക്കുന്നു എങ്കിലോ ദൈവം അവനെ അറിഞ്ഞിരിക്കുന്നു' (1 കൊരിന്ത്യർ 8: 3) എന്നു നാം ദൈവവചനത്തിൽ കാണുന്നു.

നാം ആരെയാണ് സ്നേഹിക്കേണ്ടതെന്നു നമ്മെ വചനം പഠിപ്പിക്കുന്നു. ബഹുഭൂരിപക്ഷം ലോകസ്നേഹവും കാപട്യം നിറഞ്ഞതാണെന്നു നമുക്ക് മനസിലാകും. നമുക്കു ചുറ്റും അലയടിക്കുന്ന സംഭവങ്ങളും ദൈനംദിന വാർത്തകളും നമ്മെ അറിയിക്കുന്നതും അതാണ്. കാരണം എന്തെങ്കിലും ഒരു നേട്ടം പ്രതീക്ഷിക്കാതെ ആർക്കും ആരേയും ലോകത്തിൽ സ്നേഹിക്കാനാവില്ല. ലോകത്തിൽ മാതൃസ്നേഹമാണ് നാം അറിഞ്ഞിരിക്കുന്നതിൽ ഏറ്റവും പവിത്രതയുള്ളതും പാവനമായതും.





എന്നാൽ വചനം പറയുന്നു 'ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറക്കുമോ? താൻ പ്രസവിച്ച മകനോടു കരുണ തോന്നാതിരിക്കുമോ? അവർ മറന്നുകളഞ്ഞാലും ഞാൻ നിന്നെ മറക്കയില്ല' (യെശയ്യാവ് 49: 15). അമ്മ മറന്നാലും മറന്നു പോകാത്ത യേശുവിന്റെ സ്നേഹം. കഴിഞ്ഞകാല ജീവിതത്തിന്റെ തിക്താനുഭവങ്ങളിൽ നാമേറെ ദൈവത്തോടു അടുത്തിരുന്നു, കണ്ണുനീരോടെ പ്രാർത്ഥിച്ചിരുന്നു. എന്നാൽ ഇന്ന് ദൈവം നാമോരോരുത്തരേയും സമൃദ്ധിയായി അനുഗ്രഹിച്ചിരിക്കുന്നു. ആയതിനാൽ നാമെല്ലാം മറന്നിരിക്കുന്നു. ദൈവം നടത്തിയ വഴികൾ, പ്രയാസത്തിന്റെ അനുഭവങ്ങൾ, ദുഃഖത്തിന്റെ നാളുകൾ അങ്ങനെ എത്രയെത്ര കണ്ണുനീരിന്റെ ദിനങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ പലപ്പോഴും ദൈവസന്നിധിയിൽ നന്ദിയില്ലാതെ നാമോരോരുത്തരും ആയിരിക്കുന്നു.

ജീവിതത്തിൽ തിക്താനുഭവങ്ങൾ വരുമ്പോൾ മാത്രമാണ് നാം ദൈവസന്നിധിയിൽ മുട്ടുമടക്കുന്നത്. വിശക്കുമ്പോൾ മാത്രമല്ല നാം ഭക്ഷണത്തിന്റെ വിലയറിയേണ്ടത്! അതുപോലെ തന്നെയാണ് ദൈവവുമായിട്ടുള്ള ബന്ധവും. എന്താണ് ദൈവവചനം നമ്മെ പഠിപ്പിക്കുന്നത്? 'എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കുതന്നേ, സകലവും നന്മെക്കായിട്ടു കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു (റോമർ 8: 28). എന്തുകൊണ്ടാണ് നമ്മൾ അവസരവാദികളായി പെരുമാറുന്നത്? നാം ഓരോരുത്തരും ജഡത്തിൽ വസിക്കുന്നവരായതുകൊണ്ടാണോ? അല്ല! 'ഞങ്ങൾ ജഡത്തിൽ സഞ്ചരിക്കുന്നവർ എങ്കിലും ജഡപ്രകാരം പോരാടുന്നില്ല (2 കൊരിന്ത്യർ 10: 3). അപ്പൊസ്തലനായ പൗലോസ് ദൈവനാമത്തിനുവേണ്ടി സഹിച്ചതൊന്നും നമുക്കന്യമായ അറിവിലുള്ളതല്ല. അങ്ങനെ എത്രയെത്ര മഹാരഥന്മാർ ദൈവത്തെ പ്രാണനേക്കാൾ സ്നേഹിച്ചു തന്റെ നാമം എടുത്തുയർത്തിയിരിക്കുന്നു!!!

മുമ്പ് പ്രസ്താവിച്ചതുപോലെ കാപട്യം നിറഞ്ഞ ലോകത്തിലാണ് നാം ആയിരിക്കുന്നത്. എന്നാൽ ദൈവവുമായുള്ള സ്നേഹത്തിനും അടുപ്പത്തിനും ഉള്ള വിലങ്ങുതടിയായി നാമീ കാരണം എടുക്കരുത്. ദൈവസ്നേഹം മറന്നു പെന്തക്കോസ്തിന്റെ അനുഭവം വിട്ടു ഇപ്പൊ പെന്തക്കോസ്ത് സമുദായം ആയി മാറിക്കഴിഞ്ഞിരിക്കുന്നു. നമ്മെ വിളിച്ച ദൈവത്തിനു തക്ക മഹത്വം കൊടുക്കാതെ സ്വന്തം നേട്ടത്തിനും പേരിനും വേണ്ടി പായുകയാണ് നമ്മൾ.

ദൈവജനമേ, നാമൊന്നു തിരിഞ്ഞു നോക്കിയാൽ നമ്മുടെ പിതാക്കന്മാർ ദൈവസന്നിധിയിൽ കവിണ്ണുവീണു കണ്ണുനീരോടെ പ്രാർത്ഥിച്ച അനുഗ്രഹമേ നമുക്കിന്നൊള്ളൂ. വഷളത്വം നിറഞ്ഞ ലോകത്തു നാം ജീവിക്കുമ്പോൾ ദൈവസ്നേഹമല്ലാതെ മറ്റെന്തുള്ളൂ നമ്മെ ആശ്വസിപ്പിപ്പാനും വിടുവിക്കുവാനും! ദൈവത്തെ സ്നേഹിക്കുമ്പോൾ ദൈവം നമ്മേയും സ്നേഹിക്കുന്നു. സ്വർഗ്ഗസ്ഥനായ പിതാവ് നമുക്കുവേണ്ടതൊക്കേയും നൽകിത്തരുന്നു. പ്രയാസങ്ങൾ വന്നുകൊള്ളട്ടെ, പ്രതികൂലങ്ങൾ വന്നുകൊള്ളട്ടെ, ആപത്തും അനർത്ഥവും, രോഗവും, ദുഃഖവും എല്ലാം നമ്മുടെ ഭൗമീക ജീവിതത്തിനു നേരെ വരുമെങ്കിലും മാറ്റമില്ലാതെ ദൈവത്തിന്റെ സ്നേഹത്താൽ അവൻ നമ്മെ കൃപയിൽ പൊതിഞ്ഞുകൊള്ളും. വചനം പറയുന്നു 'ആകയാൽ നിങ്ങളുടെ മനസ്സു ഉറപ്പിച്ചു നിർമദരായി യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിങ്കൽ നിങ്ങൾക്കു വരുവാനുള്ള കൃപയിൽ പൂർണ്ണ പ്രത്യാശ വെച്ചുകൊൾവിൻ (1 പത്രോസ് 1:13).

ഒരുപക്ഷെ നമുക്ക് നല്ലനാളുകൾ ആയിരിക്കില്ല. ഒന്നിനുമീതെ ഒന്നായി പ്രതികൂലങ്ങൾ ജീവിതത്തിനു നേരെ വന്നുകൊണ്ടിരിക്കും. ഇസ്രായേൽ മക്കളെപ്പോലെ ദൈവത്തോട് പിറുപിറുത്ത എത്രയെത്ര അനുഭവങ്ങൾ നമുക്കുണ്ടായിട്ടുണ്ട്. എന്നാൽ ഇത്തരം അനുഭവങ്ങൾ നമുക്കു വരുമ്പോൾ നാമറിയണം ദൈവം നമ്മെ അത്രയേറെ സ്നേഹിക്കുന്നു എന്നുള്ളത്. വചനത്തിൽ ഇയ്യോബിനെ നാം കാണുന്നു. ദൈവം ഇയ്യോബിനെ സ്നേഹിക്കുന്നതുകൊണ്ട് പിശാച് അവനെ തൊടുവാൻ ആഗ്രഹിച്ചു. ഇയ്യോബിന്റെ പ്രാണനൊഴികെ മറ്റുള്ളതെല്ലാം തനിക്കു നഷ്ടപ്പെട്ടു. എന്നാൽ ഇയ്യോബ് ദൈവത്തെ തള്ളിപറഞ്ഞില്ല. പിന്നത്തേതിൽ ദൈവം അവനെ അനുഗ്രഹിച്ചു. മരിച്ചിട്ടു അടക്കപ്പെട്ടു നാറ്റംവെച്ച അവസ്ഥയിൽ നാലുദിവസം കല്ലറയിൽ ഇരുന്ന ലാസറിനെ അതേ അവസ്ഥയിൽ വെച്ചുകൊണ്ട് പുതുജീവൻ നൽകി ഉയിർപ്പിച്ചു. യേശു പറയുന്നു 'ഈ ദീനം മരണത്തിനായിട്ടല്ല, ദൈവപുത്രൻ മഹത്വപ്പെടേണ്ടതിനു, ദൈവത്തിന്റെ മഹത്വത്തിനായിട്ടത്രേ എന്നു പറഞ്ഞു (യോഹന്നാൻ 11: 4). സ്വന്തം സഹോദരന്മാരാൽ നിന്ദിക്കപ്പെട്ടു പൊട്ടക്കിണറിന്റെ അനുഭവത്തിലും പോത്തീഫറിന്റെ വീട്ടിൽ നിന്നു കാരാഗൃഹത്തിലേക്കും പോകേണ്ടിവന്ന യോസേഫിനെ തന്റെ സഹോദരന്മാരേക്കാൾ ഏറ്റവും അനുഗ്രഹിച്ചു.

പിശാച് നമ്മെ പരീക്ഷിക്കേണ്ടതിനു കഷ്ടത നമ്മുടെ ജീവിതത്തിൽ വരുത്തുമ്പോൾ മുന്നത്തെക്കാളുപരി ദൈവത്തോടു ചേർന്നു നിന്നു അവനെ സ്നേഹിക്കേണം. പിന്നത്തേതിൽ ദൈവം നമ്മെ ഏറ്റവും മാനിക്കുവാൻ ശക്തനാണ്. ദൈവം നമ്മെ ഏവരേയും അനുഗ്രഹിക്കുമാറാകട്ടെ. ആമേൻ.




# ഒരു തത്തയുടെ മാനസാന്തരം






പാസ്റ്റർ റ്റി.എൽ. ഷാജി

ചില വർഷങ്ങൾക്കു മുമ്പ് ഒരിക്കൽ ഒരു സുവിശേഷയാത്രയിൽ ഉണ്ടായ വിസ്മയം കുറിക്കട്ടെ. ഒരു പകൽ മുഴുവനും സുവിശേഷ സത്യങ്ങൾ പേറി നടന്ന ദിവസം. വൈകുന്നേരം ആ സ്ഥലം സഭാശുശ്രുഷകന്റെ വീട്ടിൽ ഞങ്ങൾക്കു ഭക്ഷണം ഒരുക്കപ്പെട്ടിരുന്നു. ആ ദൈവദാസന്റെ ഭവനത്തിലേക്ക് ഞാനും എന്നോടൊപ്പമുള്ള ചില സുഹൃത്തുക്കളും കടന്നു ചെന്നപ്പോൾ ആ വീടിന്റെ പുറത്തു നിൽക്കുമ്പോൾ തന്നെ ഒരു പ്രത്യേക ശബ്ദത്തോടെ ആരോ പ്രൈസ് ദ ലോഡ് പറഞ്ഞു. ഞങ്ങളും തിരിച്ചു വന്ദനം ചൊല്ലി. പക്ഷെ പ്രൈസ് ദ ലോഡ് ശബ്ദം ആവർത്തിക്കപ്പെട്ടു. ഞാനും സ്നേഹിതരും ആശ്ചര്യപ്പെട്ടുപോയി. വീടിന്റെ ഉമ്മറത്ത് തന്നെ മനോഹരമായ കിളിക്കൂട്. അതിന്റെ ഉള്ളിൽ ഒരു തത്തമ്മ ഊർജ്ജസ്വലതയോടെ നിൽക്കുന്നു. കക്ഷിയാണ് ഇത്രയും നേരം പ്രൈസ് ദ ലോഡ് പറഞ്ഞത്. അതുമാത്രമല്ല, കുശലാന്വേഷണവും നടത്തി. സുഖമാണോ എന്നു ചോദിച്ചതു കൂടാതെ കയറിയിരിക്കുവാനും ആവശ്യപ്പെട്ടു.

അതിനിടയിൽ വീട്ടുകാർ ഇറങ്ങി വന്നു. പക്ഷെ ഞങ്ങളുടെയെല്ലാം ശ്രദ്ധാകേന്ദ്രം തത്തമ്മയായിരുന്നു. അതിനുശേഷം വളരെ ഭംഗിയായി പിരശീലനം ലഭിക്കപ്പെട്ട ഒരു വാക്യം തത്തമ്മ വിളിച്ചു പറഞ്ഞു. ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വരട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു പറഞ്ഞു. വളരെ സ്ഫുടമായി ആവർത്തിക്കപ്പെട്ട വാക്യം കേട്ട് ഞങ്ങൾ വീണ്ടും അമ്പരന്നു. അവിടുത്തെ ദൈവദാസനോട് സംസാരിക്കുമ്പോഴും ഞങ്ങൾക്കു അറിയുവാനുള്ളത് തത്തമ്മയെക്കുറിച്ചായിരുന്നു. ഒരു തത്ത സംസാരിക്കുന്നത് അപൂർവ്വമായ കാര്യം ഒന്നുമല്ല. വയമ്പ്



എന്ന അങ്ങാടി മരുന്ന് കൊടുത്ത് ചില നാളുകൾ പരിശീലനം നൽകിയാൽ തത്തയ്ക്കും, മൈനയ്ക്കും ഒക്കെ സംസാരിക്കാൻ കഴിയും. പക്ഷെ അതിഥികളെ സ്വീകരിക്കുവാനും, ദൈവവചനം നന്നായി ഉരുവിടുവാനുമുള്ള പാടവം അത് അത്ഭുതപ്പെടുത്തുന്നതായിരുന്നു. ഈ തത്തമ്മയ്ക്കു ഒരു പൂർവ്വകാലം ഉണ്ടായിരുന്നു. അതായിരുന്നു ഞങ്ങൾ അന്തം വിട്ട ട്വിസ്റ്റ്.

ഈ തത്ത കള്ളുഷാപ്പ് ഉടമയുടേതായിരുന്നു. അദ്ദേഹമാണ് തത്തയെ സംസാരിക്കാൻ പഠിപ്പിച്ചത്. കള്ളുഷാപ്പുകാരൻ ആദ്യം തത്തയെ പഠിപ്പിച്ച വാക്കുകൾ ഇതായിരുന്നു 'വരുവിൻ, വരുവിൻ നല്ല നാടൻ കള്ള് വന്ന് വാങ്ങി കുടിക്കുവിൻ. ഈ വാക്കുകൾ നന്നായി പഠിപ്പിച്ച് തത്തയുടെ കൂട് ഷാപ്പിന്റെ മുമ്പിൽ സ്ഥാപിച്ചു. അതുവഴി കടന്നുപോകുന്നവരെ കാണുമ്പോൾ തത്ത ഉറക്കെ ഈ വാക്കുകൾ വിളിച്ചു പറയുമായിരുന്നു. ഷാപ്പുകാരന്റെ ബിസിനസ് തന്ത്രവും നാട്ടുകാർക്കു അത് കൗതുകവുമായിരുന്നു. ഒരിക്കൽ ഈ ദൈവദാസൻ അതുവഴി പോകുമ്പോൾ കള്ളിന്റെ മഹത്വം തത്ത വിളിച്ചു പറയുന്നത് ശ്രദ്ധയിൽപ്പെട്ടു. അദ്ദേഹത്തിനു തത്തയോടു ഒരു ആകർഷണം തോന്നി. അദ്ദേഹം ഷാപ്പുടമയെ സമീപിച്ച് മോഹവില കൊടുത്ത് തത്തയെ സ്വന്തമാക്കി അതിനെ വീട്ടിൽ കൊണ്ടു പോയി ദൈവവചനത്തിൽ നല്ല അഭ്യസനം നൽകി. മുന്നമെ പറഞ്ഞിരുന്ന വാക്കുകൾ നാടൻ കള്ള് വാങ്ങി കുടിപ്പിൻ എന്നായിരുന്നു. എന്നാൽ ഇന്ന് കക്ഷി പറയുന്നത് യോഹന്നാൻ 7: 37,38 വാക്യങ്ങളാണ്.

'ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്ത് പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നത്രെ'.

സൗജന്യമായി മാനവജനതയ്ക്ക് നൽകപ്പെട്ട നിത്യജീവന്റെ ഉറവയെക്കുറിച്ച് സംസാരിക്കുന്ന പൊൻനാവുകളായ് അതു മാറി. കള്ള് ഷാപ്പിൽ കിടന്നവനെ ദൈവത്തിന്റെ ആലയത്തിലെ മനോഹരത്വം കാണ്മാൻ കഴിഞ്ഞത് എത്ര ഭാഗ്യം. അനേകരെ നാശത്തിലേക്കും തകർച്ചയിലേക്കും ക്ഷണിച്ചു കൊണ്ടിരുന്ന തത്ത ഇപ്പോൾ സമാധാനത്തിന്റേയും, അനുഗ്രഹത്തിന്റേയും, നിത്യജീവന്റേയും മാർഗ്ഗത്തിലേക്ക് ജനത്തെ ക്ഷണിക്കുന്നു.

കലക്കത്തിന്റേയും, അടിപിടിയുടേയും, തെറിവിളിയുടേയും നേർക്കാഴ്ചയായിരുന്ന വ്യക്തി ഇപ്പോൾ ആത്മസാന്നിദ്ധ്യത്തിന്റേയും, ദൈവസ്നേഹത്തിന്റേയും നിഴലിൽ കീഴിൽ പാർക്കുന്നു. ഹാ! അത് എന്ത് മനോഹരം.

സത്യത്തിൽ ഇത് നമ്മുടെ ഓരോരുത്തരുടേയും ചിത്രം തന്നെയല്ലേ. പുറമ്പറമ്പിൽ കിടന്ന കൽപ്പാത്രങ്ങളെ കലവറയ്ക്കുള്ളിൽ പ്രവേശിച്ച സ്നേഹം, ദൂരസ്ഥരായിരുന്ന നമ്മെ സമീപസ്ഥരാക്കിയ സ്നേഹം, പ്രത്യാശയില്ലാത്തവരായിരുന്ന നമ്മെ പ്രത്യാശയുള്ളവരാക്കി തീർത്ത സ്നേഹം, തിന്മയിൽ നിന്ന് നന്മയിലേക്ക് നയിച്ച സ്നേഹം. ഹാ! ഇതു എന്തു ഭാഗ്യം യേശുനാഥനോട് ചേർന്നു ഞാനിതാ...

ഭക്ഷണം കഴിച്ച് പ്രാർത്ഥിച്ച് ഇറങ്ങുമ്പോഴും ഞങ്ങളെ യാത്രയയ്ക്കുവാൻ തത്തമ്മ മുന്നിൽ ഉണ്ടായിരുന്നു. നടന്ന് ഇരുളിലേയ്ക്ക് നീങ്ങുമ്പോഴും കൂട്ടിനുള്ളിൽ നിന്ന് പ്രൈസ് ദ ലോഡിന്റെ ശബ്ദം കേൾക്കുന്നുണ്ടായിരുന്നു.



Pr. Georgy Mathew Alexios

# OUR SHEPHERD

***Read: Psalm 23***

What do you do when stress comes into your life? What is your response? Whom are you following? Who is the one making decisions in your life? Are you yourself dictating your life?

Psalm 23 describes the relationship between God and His children by comparing that of a shepherd and his sheep. Notice the two pronouns preceding the two verbs. He makes me…He leads me…(Ps. 23:2). Who is in charge? The Shepherd. The Shepherd selects the path and prepares the pasture. And what is the sheep's job? Our job is to watch and follow the Shepherd.

A child of God always looks to God for direction in life. Whatever may happen, we should acknowledge that it is God who controls and directs our lives. Just as the sheep always follows the shepherd and heeds his instructions for their own safety, we should also listen to our Lord's guidance and instructions as He leads us in the difficult journey of life. The question is: Are we willing?

# കെദ്രോൻ തോട് നൽകുന്ന പാഠങ്ങൾ

പാസ്റ്റർ പി.സി. വർഗീസ്

*(......1-ാം പേജിൽ നിന്നും തുടർച്ച)*

അതിനുശേഷം പ്രമാണപ്രകാരം പെസഹ ആചരിച്ച് (23: 21,22) പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ പ്രമാണപ്രകാരം യഹോവയിങ്കലേക്കു തിരിഞ്ഞ ഒരു രാജാവ് അതിനു മുമ്പും അതിനു ശേഷവും എഴുന്നേറ്റിട്ടില്ല (23: 25).

പാഠം : *പ്രമാണപ്രകാരമുള്ള യാഗാരാധനക്കു മുഖ്യസ്ഥാനം നൽകി യഹോവയിങ്കലേക്കു തിരിഞ്ഞാൽ നാം അഭിവൃദ്ധി പ്രാപിക്കും.*

ഈ മൂന്നു രാജാക്കന്മാരും കെദ്രോൻ തോടിനെ ഉപയോഗിച്ചത് ശുദ്ധീകരണത്തിനുവേണ്ടിയായിരുന്നു. എന്നാൽ മറ്റൊരുവന് കെദ്രോൻ തോട് മരണത്തിനു കാരണമായി.

ശൗലിന്റെ കുലത്തിൽ ഗേരയുടെ മകൻ ശിമെയി (1 രാജാക്കന്മാർ 2: 36-46) ദാവീദിനെ ബഹൂരീമിൽ വെച്ച് ശപിക്കുകയും കല്ലുവാരി എറിയുകയും ചെയ്തു. എന്നാൽ ശലോമോൻ രാജാവിന്റെ കാലത്ത് ആളയച്ചു തന്റെ അപ്പനെ ശപിച്ച ശിമെയിയെ വരുത്തി അവനു യെരുശലേമിൽ വീടു വെച്ചു പാർക്കുവാൻ അവസരം നൽകിയനന്തരം (വാക്യം 36) അവനോടു ചില കാര്യങ്ങൾ കൽപ്പിക്കുന്നതിന്റെ കൂട്ടത്തിൽ പറയുന്ന കാര്യം ‘നീ പുറത്തിറങ്ങി കെദ്രോൻ തോടു കടക്കുന്ന നാളിൽ നീ മരിക്കും‘ (വാക്യം 37). ഇതു കൽപ്പിച്ചു മൂന്നു വർഷം കഴിഞ്ഞപ്പോൾ ഗത്തിലേക്കു ഓടിപ്പോയ തന്റെ രണ്ട് അടിമകളെ പിടിച്ചുകൊണ്ടു വരാനായി ശിമെയി കെദ്രോൻ തോടു കടക്കുകയും തന്റെ ജീവൻ അതിനാൽ നഷ്ടപ്പെടുകയും ചെയ്തു.

പാഠം : *അനുസരണക്കേടിന്റെ ഫലം മരണമെന്നു തിരിച്ചറിഞ്ഞു ജീവിക്കുവാൻ ലഭിച്ചിരിക്കുന്ന അവസരം ദൈവത്തോടുള്ള നന്ദിയോടെ ജീവിക്കുക.*

## ദാവീദ് രാജാവും കെദ്രോൻ തോടും :

2 ശമുവേൽ 15: 23 -ൽ ‘ദേശത്തൊക്കെയും വലിയ കരച്ചിലായി, ജനമെല്ലാം കടന്നുപോയി, രാജാവും കെദ്രോൻ തോടു കടന്നു, ജനമൊക്കെയും മരുഭൂമിയിലേക്കുള്ള വഴിക്കുപോയി‘ എന്നു കാണാം. ഇവിടെ വിവക്ഷിക്കുന്ന രാജാവ് ദാവീദ് ആണ്. യിസ്രായേലിന്റെ ഒന്നാമത്തെ രാജാവായ ശൗലിനെ തള്ളികളഞ്ഞനന്തരം യിശ്ശായിയുടെ ഭവനത്തിൽ ഞാനൊരു രാജാവിനെ കണ്ടിരിക്കുന്നു എന്നു പ്രവാചകനായ ശമുവേലിനോടു പറഞ്ഞതിൻ പ്രകാരം തന്നെക്കൊണ്ട് ദൈവം അഭിഷേകം ചെയ്യിപ്പിച്ച രാജാവായിരുന്നു, യഹൂദയ്ക്കും യിസ്രായേലിനും പിന്നെ മുഴുരാജ്യത്തിനും രാജാവായി തീർന്ന ദാവീദ്. ഈ ദാവീദിന് സൗന്ദര്യംകൊണ്ടു ശ്ലാഘ്യനായ ഒരു മകൻ ഉണ്ടായിരുന്നു. അടിതൊട്ടു മുടിവരെ ഒരു ഊനവും ഇല്ലാത്ത അബ്ശാലോം. വ്യവഹാരത്തിനു (2 ശമുവേൽ 15: 1 മുതൽ) ദാവീദ് രാജാവിന്റെ അടുക്കൽ വരുന്ന ബലഹീനരുടെ ഹൃദയം അബ്ശാലോം വശീകരിച്ചു. നമസ്കരിപ്പാൻ വരുന്നവരെ കെട്ടിപ്പിടിച്ചും ചുംബനം ചെയ്തും സ്വയം ന്യായാധിപനായി ചമഞ്ഞു സ്വന്തം അപ്പനായ ദാവീദിനു നേരെ താൻ തിരിയുന്നതു കാണാം. ചെറിയ കൂട്ടം ഉണ്ടാക്കി അതിലെ അംഗസംഖ്യ വർദ്ധിപ്പിച്ച് വലിയ കൂട്ടുകെട്ടുകളുണ്ടാക്കി അബ്ശാലോം ദാവീദിനെതിരെ വളർന്നു. അതറിഞ്ഞ ദാവീദ് ഭയപ്പെട്ടു, ജനമെല്ലാം കരഞ്ഞു, കെദ്രോൻ തോടു കടന്ന് പാലായനം ചെയ്തു. ജീവിത സാഹചര്യങ്ങൾ നിമിത്തം വേദനയോടെ സങ്കീർണ്ണമായ കെദ്രോൻ തോടു കടന്ന ദാവീദ് രാജാവ് ഇക്കരെ നടന്ന രണ്ടു മരണവാർത്ത അറിയാൻ ഇടയായി. ഒന്ന് സ്വന്ത മകനായ അബ്ശാലോമിന്റേതും മറ്റൊന്ന് ആദ്യം തന്റെ വിശ്വസ്തനായി നിന്നവനും പിന്നീട് അബ്ശാലോമിനോടു ചേർന്ന് തനിക്കെതിരെ പ്രവർത്തിച്ച ആലോചനക്കാരനും ഉപദേശകനും ആയിരുന്ന അഹീഥോഫെലിന്റേതുമായിരുന്നു. തിരിച്ചുവന്ന ദാവീദിന്റെ സിംഹാസനം ഉറപ്പിക്കപ്പെട്ടു. ചില വർഷങ്ങൾക്കു ശേഷം അതേ ദാവീദിന്റെ പുത്രൻ എന്നറിയപ്പെടുന്ന യേശുക്രിസ്തു തന്റെ ശിഷ്യന്മാരുമായി കെദ്രോൻ തോട് കടന്നു. അതിനുശേഷം കർത്താവ് എത്തിച്ചേർന്ന ഗത്ത്ശമെന തോട്ടത്തിൽ വച്ച് താൻ തന്റെ ശിഷ്യന്റെ ഒറ്റിക്കൊടുപ്പിനാൽ പിടിക്കപ്പെട്ടു. എന്നാൽ കർത്താവിന്റെ ജീവിതം അവിടെ അവസാനിച്ചില്ല. പിന്നെയോ, പുതിയൊരു ജീവിതാനുഭവങ്ങളിലേക്ക് സമർപ്പണത്തോടും ലക്ഷ്യബോധത്തോടും ധീരതയോടെയും പാദമൂന്നിയുള്ള മുന്നേറ്റമായിരുന്നു. ആ മുന്നേറ്റത്തിൽ കഷ്ടതയും, നിന്ദയും, പരിഹാസങ്ങളും, ക്രൂശും, കല്ലറയും, കണ്ണീരുമെല്ലാം ഉണ്ടെങ്കിലും ആ യാത്ര അവസാനി ച്ചത് കല്ലറകളെ ഭേദിച്ച് ഉയർത്തെഴുന്നേറ്റ് ഉയരത്തിലേക്ക് കരേറിക്കൊണ്ടാണ്.

അങ്ങനെയെങ്കിൽ നമ്മുടെ ജീവിതത്തിലും കെദ്രോൻ സമാനമായ ജീവിതാനുഭവങ്ങളിലൂടെ കടന്നുപോകേണ്ടി വരുമ്പോൾ ഭയപ്പെടേണ്ടാ, കെദ്രോൻ തോടു കടന്ന കർത്താവ് നമ്മോടുകൂടെയുണ്ട്. അവൻ നമ്മേയും വിജയത്തിലേക്കും ഉയരത്തിലേക്കും വഴി നടത്തും. കെദ്രോൻ തോടു കടന്ന യേശുക്രിസ്തു അഭിമുഖീകരിച്ച മറ്റു മൂന്നു സുപ്രധാന സ്ഥലങ്ങളാണ് ഗത്ശമേനയും ( യോഹന്നാൻ 18: 1), ഗബ്ബഥയും (യോഹന്നാൻ 19: 13), ഗോൽഗോഥയും (യോഹന്നാൻ 19: 17). കെദ്രോൻ തോടു കടന്നുകൊണ്ടു ആരംഭിച്ച യേശുവിന്റെ ക്രൂശുവഴിയുടെ അവസാനം ഗോൽഗോഥായും ദൗത്യനിർവ്വഹണത്തിന്റെ പൂർത്തീകരണം സ്വർഗ്ഗാരോഹണത്തിലൂടെ മാവനജാതിക്കു വെളിപ്പെടുത്തി കൊടുത്തു. പ്രിയ ദൈവമക്കളെ, നമ്മുടെ ജീവിതത്തിന്റെ കെദ്രോൻ തോടു അവസാനമല്ല, സ്വർഗ്ഗാരോഹണമത്രെ ഈ ഭൂമിയിലെ നമ്മുടെ യാത്രയുടെ അന്ത്യം. ദൈവം നമ്മെ സഹായിക്കട്ടെ.

# Suffering, A Season of Revelations

PART 2



Evg. Binson, Dehradun

**2. The revelation of resurrection (Vs. 26-27)**

Job speaks of seeing God, three times in these two verses. He says that he will see God with his own eyes and no other. His skin has become shriveled up beyond recognition. Job is saying that from his weak and ruined body he will see God's appearing to vindicate him. Job's faith reaches beyond his pressing fear that he is about to die, and he places his confidence in God, He will restore Job's honor before it is too late. The silent God will have the last word. He believed in the end he will encounter God in justice and mercy. God will fulfill his kinship commitment to his servant.

He says I will see God with my own eyes. He set his hope fully in God and longed for that day of resurrection. He regards his disease as consuming his skin by the spread sores over the skin. Job may be referring to the destruction of the skin in the grave. Job had the full confidence in God even if he dies he will raise me up from the death. The revelation of resurrection filled his heart and that was running out of his mouth. These words talks about a physical vision of still living person. The replacement of the body will be physical. It is very evident in the New Testament that resurrection body is a physical body too. After His resurrection Jesus appeared to His disciples and said "touch me and see me a ghost does not have flesh and bones as I have" (Luke 24:39). Again Jesus said to His disciples "look at my handsand my feet, it is I myself". Jesus' resurrection body was recognizable by disciples because it was physical. In the same way job expresses his faith even after my skin destroyed I will see Him with my own eyes. God gave the revelation of resurrection to Job in the midst of pain to boost his confidence. Even if you die by this suffering I will raise you from the death and honor you for you kept the faith. The bible says in Philippians 3:21 we shall change our vile body that it may be fashioned like unto His glorious body.

If you are going through deep pain and suffering never lose heart, He will raise you up from the ashes and he will remove your sackcloth will turn your mourning into dancing. Our land is being intolerant to Gospel day by day. But take heart even if we lose our lives we will see face to face in the resurrection body.

The resurrection body will be a physical body and it will be a personal experience. He asserts in both verses I myself shall see God. This can be taken as his personal experience in resurrection. Job says I shall stand before his throne, I shall plead my own cause, I shall be able to tell my own story and receive from His hands a righteous reward. Now I am misrepresented by my friends, now I am misconceived by my relatives; now am treated as a hypocrite by those of my own household. But a period is coming when I shall stand before God and receiving justice. Yes friends our resurrection also will be the same. You will be honored by the Lord.

God himself identified with Job's sufferings in the sufferings of His Son, Jesus Christ, who suffered unto death even though he was innocent. Jesus overcame his humiliating death by rising from the grave. He became our kinsman- redeemer secured redemption for all who believe in him. We may have suffering in this life but remember our redeemer is alive; he will never let our heads down. Today's tears tomorrow's blessings

Paul says in 2 Corinthians 4:17 for our light affliction, which is but for a moment, works for us a far more exceeding and eternal weight of glory.

# ദൈവം പ്രസാദിക്കുന്ന ആരാധന

PART 2



പാസ്റ്റർ പി.എം. ജോയി

അനേകം ആരാധനയിൽ സംബന്ധിക്കുന്ന നാം ദൈവം പ്രസാദിക്കുന്ന ആരാധന ഏതാണെന്ന് മനസിലാക്കേണ്ടിയിരിക്കുന്നു. സ്വയശോധനക്കായി ചില ചോദ്യങ്ങൾ നാം തന്നെ നമ്മോടു ചോദിക്കുന്നത് നന്നായിരിക്കും. നാം എങ്ങനെ ആരാധിക്കണം? ആരാധനയിലൂടെ നാം ആരെയാണ് പ്രസാദിപ്പിക്കേണ്ടത്? ആരാധനയിൽ നമ്മുടെ മനോഭാവം എങ്ങനെയായിരിക്കണം.

മൃഗങ്ങൾക്കുപോലും തന്റെ ഉടയവനെ നന്നായി അറിയാം എന്നാൽ മനുഷ്യരായ തന്റെ സൃഷ്ടി തന്നെ തിരിച്ചറിയുകയോ ആരാധിക്കുകയോ ചെയ്യുന്നില്ല എന്ന ദൈവത്തിന്റെ ഹൃദയത്തിലെ ഭാരം യെശയ്യാ പ്രവാചകനിലൂടെ ദൈവം പങ്കുവെക്കുന്നു. വീണ്ടും ദൈവം പറയുന്നു എനിക്ക് യാഗാർപ്പണം നടത്തി എന്നെ തൃപ്തിപ്പെടുത്താം എന്ന തെറ്റിദ്ധാരണ നിങ്ങൾക്കുണ്ട്. അതിനായി നിങ്ങൾ മുട്ടാടുകളെക്കൊണ്ടുള്ള ഹോമയാഗവും തടിപ്പിച്ച മൃഗങ്ങളുടെ മേദസ്സും അർപ്പിക്കുന്നു. എന്നാൽ കാളകളുടെയോ കുഞ്ഞാടുകളുടെയോ കോലാട്ടുകൊറ്റന്മാരുടെയോ രക്തം എനിക്കു ഇഷ്ടമല്ല, എനിക്കു മതി വന്നിരിക്കുന്നു (യെശയ്യാവ് 1: 11).

യാഗങ്ങൾ അർപ്പിക്കുന്നവർ അവരവരുടെ അർപ്പണ വസ്തുവിന്റെ മേന്മ നോക്കി സ്വയം സംതൃപ്തരായി തീരുന്നതല്ലാതെ ദൈവത്തിന് ഇതിൽ പ്രസാദമുണ്ടോ എന്ന് ചിന്തിക്കുന്നില്ല.




എന്നാൽ ആരാധനയിൽ ദൈവം പ്രസാദിക്കണമെങ്കിൽ നാം അർപ്പിക്കുന്ന എല്ലാറ്റിലും ദൈവത്തിന് സ്വീകാര്യതയുണ്ടായിരിക്കണം.

എന്നാൽ യഥാർത്ഥമായി ദൈവത്തെ ആരാധിക്കുന്ന വ്യക്തികൾപ്പോലും മറ്റുള്ളവരുടെ വിമർശനങ്ങളുടെ മുമ്പിൽ തളർന്നു പോകാറുണ്ട്. ദാവീദിനെ നോക്കിയാൽ ഇതിനു വിപരീതമായി ഒരു കാഴ്ച കാണാം. പെട്ടകത്തിനു മുമ്പിൽ പഞ്ഞിനൂൽകൊണ്ടുള്ള വസ്ത്രം ധരിച്ചു നൃത്തം ചെയ്തു ആരാധിച്ച ദാവീദിനു നേരിടേണ്ടി വന്ന വിമർശനം സ്വന്തം ഭാര്യയായ മീഖളിൽ നിന്നു തന്നെ ആയിരുന്നു. മുൻ കാല ആരാധനയിൽ വന്നുപോയ പോരായ്മകൾ മനസിലാക്കി പ്രമാണത്തിൽ നിന്നുകൊണ്ടുള്ള ദാവീദിന്റെ ആരാധനയെ തടയിടാൻ വിമർശനങ്ങൾക്കു കഴിഞ്ഞില്ല. പരിഹാസങ്ങൾക്കിടയിലും ദാവീദ് പറയുന്നു ഞാൻ ഇനിയും എന്നെ തന്നെ ഹീനനാക്കും. നിന്റെ അപ്പനേക്കാളുപരിയായി എന്നെ തിരഞ്ഞെടുത്ത ദൈവത്തിനു മുമ്പിൽ ഞാനിനിയും ആരാധിക്കും. ആരാധിച്ച ദാവീദിനെ ദൈവം അംഗീകരിച്ചു, വിമർശിച്ച മീഖളിനെ ദൈവം തിരസ്കരിച്ചു. ഇങ്ങനെ ആരാധനയുടെ മാതൃക കാട്ടിയ ദാവീദ് സങ്കീർത്തനങ്ങളിലൂടെ പറയുന്നത് ആരാധന പൂർണ്ണഹൃദയത്തോടുകൂടെ ആയിരിക്കണമെന്നാണ്.

വിമർശനം ഏറ്റുവാങ്ങിയ മറ്റൊരു വ്യക്തിയാണ് മഗ്ദലക്കാരത്തി മറിയ. വിലയേറിയ തൈലം കർത്താവിന് സമർപ്പിച്ചപ്പോൾ അനിനന്ദനത്തിനു പകരം ശകാരത്തിനു അവൾ പാത്രമായി. എന്നാൽ ദൈവം അംഗീകരിച്ചതു വിമർശകരെ ആയിരുന്നില്ല. അന്നും ഇന്നും എക്കാലവും അതു അങ്ങനെ തന്നെയാണ്. സ്ഥലകാല പരിധിയില്ലാത്ത വൈത്തിന് എന്ത് അർപ്പിച്ചാലും അതു പൂർണ്ണഹൃദയത്തോടും പൂർണ്ണശക്തിയോടും പൂർണ്ണആത്മാവോടും കൂടെ ആയിരിക്കണം.

ഹൃദയത്തിൽ ഉണ്ടായ ആരാധന താല്പര്യം എത്രത്തോളം ശക്തിയോടെ ആത്മനിറവിൽ അധരത്തിലൂടെ പുറത്തുകൊണ്ടു വരുവാൻ കഴിയുമോ അത്രത്തോളം നമുക്കത് ആത്മാർത്ഥയോടെ ദൈവമുമ്പിൽ അർപ്പിക്കാം. വിമർശകരെ നോക്കാതെ വിണ്ണിലേക്കു കണ്ണുകളെ ഉയർത്താം.

നൂറാം സങ്കീർത്തനത്തിന്റെ തലവാചകം തന്നെ സ്തോത്രസങ്കീർത്തനം എന്നാണല്ലോ. അതിൽ സകലഭൂവാസികളേയും ഈ സർവ്വശക്തനായ ദൈവത്തെ ആരാധിപ്പാൻ വിളിക്കുന്നു. എങ്ങനെ വരണമെന്നും പറയുന്നു. സന്തോഷത്തോടുകൂടെയും സ്തോത്രത്തോടുകൂടെയും. സന്തോഷമുള്ള ഒരു ഹൃദയത്തിൽ നിന്നും മാത്രമേ നന്ദിയുടെ ശബ്ദമായി സ്തോത്രം ഉയരുകയുള്ളൂ. നമ്മുടെ ആരാധനാപാത്രമായ ദൈവത്തെ കണ്ടു കഴിഞ്ഞാൽ നമുക്ക് മൗനമായിരിപ്പാൻ കഴിയുകയില്ല. നാം പാടും, സ്തുതിക്കും, നന്ദി പറയും, ആർക്കും.

ആർക്കുക എന്നാൽ അലറുക എന്നല്ല. ഒച്ചപ്പാടുകളേക്കാൾ ഉപരിയായി നമ്മെ സൃഷ്ടിച്ച ദൈവത്തിനു ഹൃദയത്തിൽ നിന്നു വരുന്ന ആത്മപ്രേരിതമായ നന്ദിയുടെ വാക്കുകൾ അർപ്പിക്കാം. ദൈവം നാം അർപ്പിക്കുന്നതിലല്ല, നമ്മിലാണ് പ്രസാദിക്കുന്നത്. ദൈവപ്രസാദത്തിനായി സമർപ്പിക്കുകയും ദൈവം പ്രസാദിക്കുന്ന ഒരു ആരാധന നമ്മിൽ നിന്ന് ഉയരുവാനുമായി നമ്മെ സമർപ്പിക്കാം.




Ruby, is a bright and chirpy youngster who is so proud of her home in the countryside by a farm in Grapeland, Texas in the United States. I have known her as a friend who opened her home to my daughter for Thanksgiving last year. The Christ-centred Spanish family made my daughter feel at home. I got to meet Ruby last week in person and in a short interaction, she shared something so simple yet beautiful which I felt was a message from the heavens...

Ruby said she woke up to beautiful sunrise in the East at her home everyday. Showing some amazing clicks of the sunrise on her phone gallery, she was eloquent about the magical creations of God.

"Each sunrise, of late, made me feel that the creator Himself was saying a good morning to me. This made me immensely happy and privileged. And then I started observing nature and its gifts each morning."

The woman with a sparkle in her eyes and a dimpled smile narrated many a scene of the rain washed lush green shrubs, the stretch of green meadows and the butterflies, all of which she said, made her feel that the Lord was saying "good morning" to her.

"Yesterday I woke up to a dove cooing by my window and I knew it was my Lord and I said good morning Lord," she said.



*Ruby (Right) with the Author*

Ruby shared this gem of a thought that shone bright like her name and I carried its ember in my heart.

Through the wondrous creations of nature God has been benevolent to man. He teaches, speaks and provides us from and through nature.

We need to be responsive to this and at the same time, are also accountable to protect these creations.

Thank you Ruby for the thought so deep.

"The heavens declare the glory of God; the skies proclaim the work of his hands." Psalm 19:1

*-A Sparrow*





ഇവാ. സാം തോമസ്, കണ്ണൂർ

## യൂദാ ഒന്നാം വാക്യത്തിന്റെ തുടർച്ച

കഴിഞ്ഞ ലക്കത്തിൽ യേശുക്രിസ്തുവിനെക്കുറിച്ചും, ദാസനെക്കുറിച്ചും അടിമയെ ലഭിക്കുന്ന 7 വിധങ്ങളെക്കുറിച്ചുമാണ് നാം പഠിച്ചത്. ഈ പറഞ്ഞിരിക്കുന്ന അടിമ അല്ലെങ്കിൽ ദാസൻ എന്ന അർത്ഥത്തിലല്ല യൂദ യേശുക്രിസ്തുവിന്റെ ദാസൻ എന്നു പറഞ്ഞിരിക്കുന്നത്.

ജഡപ്രകാരം യേശുക്രിസ്തുവിന്റെ അർദ്ധസഹോദരൻ ആണെങ്കിലും, ആ ഭൗതീകബന്ധത്തെക്കാൾ താൻ പ്രാധാന്യം കൽപ്പിക്കുന്നത് യേശുക്രിസ്തുവിന്റെ ദാസൻ എന്ന് അറിയപ്പെടാനാണ്. അതിൽ താൻ അഭിമാനം കൊളളുന്നു. മത്തായി 11: 29-ൽ ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ'എന്നുള്ള വചനം യൂദാ അക്ഷരംപ്രതി പ്രമാണിക്കുന്നു.

2 കൊരിന്ത്യർ 5: 16-ൽ പൗലോസ് പറയുന്നത് ഇത്തരണത്തിൽ ചിന്തനീയമാണ്. 'ഞങ്ങൾ ഇന്നു മുതൽ ആരേയും ജഡപ്രകാരം അറിയുന്നില്ല. ക്രിസ്തുവിനെ ജഡപ്രകാരം അറിഞ്ഞു എങ്കിലും ഇനി അങ്ങനെ അറിയുകയില്ല'. യൂദയ്ക്കു വേണമെങ്കിൽ പറയാമായിരുന്നു യേശു ജനിച്ച ഉദരത്തിൽ ജനിച്ചതാണെന്ന്. കൂടാതെ മറ്റനേകം വാക്കുകൾ പറഞ്ഞു മനുഷ്യരുടെ മുമ്പിൽ അഭിമാനം കൊള്ളാമായിരുന്നു എന്നാൽ താൻ മനുഷ്യരെ പ്രസാദിപ്പിക്കാതെ ദൈവത്തെ പ്രസാദിപ്പിച്ചതുകൊണ്ട് യേശുക്രിസ്തുവിന്റെ യഥാർത്ഥ ദാസനാണ് താൻ എന്നു പറയുന്നു.

### c. യാക്കോബ്

യോസേഫ് മറിയത്തെ വിവാഹനിശ്ചയം ചെയ്തതിനുശേഷം മറിയയുടെ ഉദരത്തിൽ പരിശുദ്ധാത്മാവിനാൽ യേശു ജനിച്ചു (മത്തായി 1: 20, ലൂക്കോസ് 1: 26-37). യേശുവിന്റെ ജനനശേഷം ഈ ദമ്പതികൾക്ക് 4 പുത്രന്മാരും രണ്ടോ അതിലധികമോ പുത്രിമാരും ജനിച്ചു (മത്തായി 1: 24,25, 13: 55, മർക്കൊസ് 6: 3). ഈ ജനിച്ച സഹോദരന്മാരിൽപ്പെട്ടവനാണ് യാക്കോബും ഈ ലേഖനം എഴുതിയ യൂദയും (ഈ യാക്കോബാണ് യാക്കോബ് എഴുതിയ ലേഖനകർത്താവ്). യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷാ വേളയിൽ താൻ അനവധി അത്ഭുതങ്ങൾ, അടയാളങ്ങൾ ചെയ്തിട്ടും യാക്കോബ് ഉൾപ്പെടെയുള്ള സഹോദരന്മാർ അവനിൽ വിശ്വസിച്ചില്ല (യോഹന്നാൻ 7: 5).

മാത്രമല്ല, ക്രിസ്തുവിന്റെ മരണസമയത്തും ഈ സഹോദരന്മാരെ കാണുന്നില്ല. എന്നാൽ യേശുക്രിസ്തു മരണത്തെ ജയിച്ചു ഉയിർത്തെഴുന്നേറ്റതിനുശേഷം ഇവർക്കുണ്ടായ പ്രത്യക്ഷത യാക്കോബും യൂദയും ഉൾപ്പെടെയുള്ള സഹോദരന്മാരുടെ ജീവിതം മാറ്റിമറിച്ചു ( 1 കൊരിന്ത്യർ 15: 7). പെന്തക്കോസ്തു നാളിൽ പരിശുദ്ധാത്മാവിന്റെ ആഗമനത്തിനുവേണ്ടി ഇവർ കാത്തിരുന്നു (അപ്പൊ.പ്രവ.1: 14). കൂടാതെ ഇവർ വിവാഹിതരായിരുന്നു എന്ന് 1 കൊരിന്ത്യർ 9: 5-ൽ നിന്നു മനസിലാക്കാം.

യാക്കോബ് വലിയ പ്രാർത്ഥനാമനുഷ്യനായിരുന്നു. അതുകൊണ്ട് തന്റെ ലേഖനത്തിൽ പ്രാർത്ഥനയെക്കുറിച്ച് ഊന്നിപ്പറഞ്ഞിട്ടുണ്ട് (യാക്കോബ് 5: 13-18). മാത്രമല്ല, തന്റെ കാൽമുട്ടുകൾ ഒട്ടകത്തിന്റെ കാൽമുട്ടുകൾ എന്നപ്പോലെ തഴമ്പുണ്ടായിരുന്നു. കാരണം താൻ അതുപോലെ പ്രാർത്ഥിക്കുന്ന വ്യക്തിയായിരുന്നു എന്ന് പാരമ്പര്യം പറയുന്നു.

എ.ഡി 62-ൽ യെരുശലേം നിവാസികളായ പരീശന്മാർ യാക്കോബിനെ ദൈവാലയത്തിൽ നിന്നു തള്ളിയിട്ട് അടിച്ചുകൊന്നു എന്ന് ജോസിഫസ് തന്റെ ചരിത്രപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

### d. യൂദാ

യെഹൂദാ എന്ന പേരിന്റെ ചുരുക്കനാമമാണ് യൂദാ. ഈ പേരിന്റെ അർത്ഥം സ്തുതി എന്നാണ്. സ്തുതിക്കുന്നവന്റെ കുലത്തിൽ യേശു പിറന്നു.

### പുതിയ നിയമത്തിൽ 7 യൂദമാരെ കാണാം.

***1. പൂർവ്വികനായ യോസേഫിന്റെ മകനായ യൂദാ - ലൂക്കോസ് 3: 30.***
ഇത് യേശുവിന്റെ വംശാവലിയോടുള്ള ബന്ധത്തിലാണ് പറഞ്ഞിരിക്കുന്നത്. മലയാളം ബൈബിളിൽ യെഹൂദാ എന്നാണ് എഴുതിയിരിക്കുന്നത് എങ്കിലും ഇംഗ്ലീഷിലും, മൂലഭാഷയിലും യൂദാ എന്നാണ്.

***2. യാക്കോബിന്റെ മകനായ യൂദാ - ലൂക്കോസ് 6: 16, അപ്പൊ.പ്രവ. 1: 13.***
സത്യവേദപുസ്തകം ഒഴിച്ച് മിക്ക ബൈബിളിലും യാക്കോബിന്റെ മകനായ യൂദ് എന്നു തന്നെയാണ് വിവർത്തനം ചെയ്തിരിക്കുന്നത് (KJV, NIV). ഈ യൂദയ്ക്കു തദ്ദായി എന്നൊരു പേരും കൂടിയുണ്ട്. യേശു തിരഞ്ഞെടുത്ത 12 ശിഷ്യന്മാരിൽ ഒരുവനായിരുന്നു ഈ യൂദാ (മത്തായി 10: 4, മർക്കൊസ് 3: 13, യോഹന്നാൻ 14: 22).

***3. നേർവീഥിയിലെ യൂദാ - അപ്പൊ.പ്രവ. 9: 11.***
പൗലോസ് സ്വർഗ്ഗീയദർശനത്താൽ കണ്ണുതുറക്കാതെ വന്നപ്പോൾ 3 ദിവസം തിന്നുകയോ കുടിക്കുകയോ ചെയ്യാതെ പാർത്തത് ഈ യൂദയുടെ ഭവനത്തിലായിരുന്നു.

***4. ബർശബാസ് എന്ന യൂദാ - അപ്പൊ.പ്രവ. 15: 22,27,32.***
പൗലോസിനോടും ബർന്നബാസിനോടും കൂടെ അന്ത്യോക്ക്യയിലേക്ക് അയയ്ക്കുവാൻ അപ്പൊസ്തലന്മാരും സഭയും തിരഞ്ഞെടുത്ത യൂദാ. ഇദ്ദേഹം പ്രവാചകനും ആദിമസഭയിലെ പ്രധാനിയും ആയിരുന്നു.

***5. ഗലീലക്കാരനായ യൂദാ - അപ്പൊ.പ്രവ. 5: 37.***
ചാർത്തലിന്റെ കാലത്ത് എഴുന്നേറ്റ് ജനത്തെ വശീകരിച്ച് തന്റെ പക്ഷം ചേർത്ത യൂദയാണിത്. അവനും അവനെ അനുസരിച്ചവരും നശിക്കുകയും ചിതറിപ്പോകുകയും ചെയ്തു.

***6. ഇസ്ക്കര്യോത്താ യൂദാ - മത്തായി 10: 4, ലൂക്കോസ് 6: 16.***
വളരെ വ്യക്തമായി ഈ യൂദയുടെ ജീവിതചരിത്രം വിശുദ്ധ ബൈബിളിൽ കൊടുത്തിട്ടുണ്ട്. യേശുവിന്റെ ശിഷ്യന്മാരിൽ ഒരുവനായിരുന്നു ഈ യൂദാ. യേശുവിനെ കാണിച്ചുകൊടുത്ത് സ്വയം കുറ്റബോധം തോന്നിയിട്ട് മരണം വരിക്കുകയും ചെയ്തു.

***7. യേശുവിന്റെ സഹോദരനായ യൂദാ - മത്തായി 13: 55, മർക്കൊസ് 6: 3.***
യേശുവിന്റെ ജനനശേഷം മറിയയിൽ നിന്നും ജനിച്ച യേശുവിന്റെ സഹോദരൻ ആണ് ഈ യൂദാ. യൂദായെ കൂടാതെ യാക്കോബ്, യോസെ, ശിമോൻ തുടങ്ങിയ സഹോദരന്മാരും ഒന്നിലധികം സഹോദരികളും യേശുവിനുണ്ടായിരുന്നു.

യൂദായുടെ ലേഖനം എഴുതിയത് ഈ യൂദാ ആണെന്ന് വാക്യം 1-ൽ നിന്നു വ്യക്തമാണ്. യാക്കോബിന്റെ സഹോദരൻ ആയ ഈ യൂദാ വിവാഹശേഷം കുടുംബസമേതം ശുശ്രൂഷ ചെയ്തെന്ന് വിശ്വസിക്കാവുന്നതാണ്. ഈ യൂദയെപ്പറ്റി യൂസിബിയസ് ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. ക്രിസ്ത്യാനി എന്ന കുറ്റം ചുമത്തി ഡൊമീഷ്യന്റെ മുമ്പാകെ ഹാജരാക്കി. ഇദ്ദേഹത്തിന്റെ കൈകളിലെ പരുപരുത്ത തഴമ്പ് കണ്ടിട്ട് താൻ ഒരു കൃഷിക്കാരനാണ് എന്നു വിശ്വസിച്ച് വെറുതെ വിട്ടു. പിന്നീട് തന്നെക്കുറിച്ച് വിവരണം ഒന്നും തന്നെ ഇല്ല.



Prayerful wishes for a blessed married life to
Akil & Jeslin (IPC, Bahrain)
Best compliments from the family of
Hello Hope ഹലോ ഹോപ്പ്

# ഹേത്ത്

സങ്കീർത്തനം
119: 57-64

## സങ്കീർത്തന വിചിന്തനം



നൈനാൻ മാത്യു

യഹൂദാ പാരമ്പര്യം അനുസരിച്ച് 119-ാം സങ്കീർത്തനം എസ്രാ ശാസ്ത്രി എഴുതിയതാണെന്ന് വിശ്വസിച്ചു പോരുന്നു. യഹോവയായ ദൈവമാണ് മനുഷ്യനെ സൃഷ്ടിച്ചതെങ്കിലും ദൈവത്തിലുള്ള വിശ്വാസം ഉൾപ്പെടെ ഏതു കാര്യവും തിരഞ്ഞെടുക്കുവാനുള്ള വിവേചനാധികാരം അവനു വിട്ടു കൊടുത്തുകൊണ്ടാണ് മനുഷ്യനെ സൃഷ്ടിച്ചത്. ഇവിടെയാണ് (57) യഹോവേ, നീ എന്റെ ഓഹരിയാകുന്നു എന്ന സങ്കീർത്തനക്കാരന്റെ പ്രസ്താവനയുടെ പ്രസക്തി. "The Lord is my portion". വിശ്വാസികൾ എന്നു അഭിമാനിക്കുന്ന പലരും ഇന്ന് ഇങ്ങനെയുള്ള പ്രസ്താവനകൾ നടത്തുന്നത് ജീവിതത്തിന്റെ പ്രതിസന്ധികളുടെ കാലഘട്ടത്തിൽ മറ്റെല്ലാ വഴികളും ഏറെക്കുറെ പരാജയപ്പെട്ടുയെന്നു ബോധ്യമായി തുടങ്ങുമ്പോൾ ആണ്. 'അത് തെറ്റല്ല'. പക്ഷെ ഇവിടെ സങ്കീർത്തനക്കാരൻ അങ്ങനെ ഏതെങ്കിലും വൈധരണികളുടെ അടിസ്ഥാനത്തിൽ നിന്നാണ് ഈ പ്രസ്താവന നടത്തുന്നത് എന്ന് കരുതാനാവില്ല മറിച്ച് സങ്കീർത്തനക്കാരന്റെ ഹൃദയത്തിൽ നിന്നും പുറത്തേക്കു വരുന്ന ദൃഢ തീരുമാനം ഉറക്കെ വിളിച്ചു പറയുകയാണ്. 'യഹേവേ നീ എന്റെ ഓഹരിയാകുന്നു....എന്നു ഞാൻ പറഞ്ഞു'. ഞാൻ ആരോട് പറഞ്ഞു? ഞാൻ എന്നോടു പറഞ്ഞു, എന്റെ ഹൃദയത്തോടു പറഞ്ഞു അല്ലെങ്കിൽ യഹോവയോടു പറഞ്ഞു. വിശ്വസിക്കുന്ന കാര്യങ്ങൾ, ബോധ്യങ്ങൾ, തീരുമാനങ്ങൾ, സ്വയം ഏറ്റുപറഞ്ഞുകൊണ്ട് അഥവ മനസ്സിനോടു പ്രസ്താവന രൂപേണ പറഞ്ഞുകൊണ്ട് തുടങ്ങുകയെന്നത് സങ്കീർത്തന രചനയുടെ വേറിട്ട ഒരു ആഖ്യാന രീതിയാണ്.

ഉദാ: സങ്കീർത്തനം 23: 1 - അത് സങ്കീർത്തനക്കാരന്റെ ഒരു ഉറപ്പാണ് - ആര് ആരോടു പറഞ്ഞു

സങ്കീർത്തനം 73: 1, 32: 1,41: 1,119: 1 - ഇതെല്ലാം സങ്കീർത്തനക്കാരന്റെ ബോധ്യങ്ങൾ ആണ്.

അടിയുറച്ച് വിശ്വാസമുള്ളവർക്കേ ഇങ്ങനെയുള്ള പ്രസ്താവനകൾ വിളിച്ചു പറയുവാൻ കഴിയൂ. 'യഹോവ തന്റെ ഓഹരിയെന്നാൽ' - തന്റെ അസ്ഥിത്വവും, വ്യക്തിത്വവും എല്ലാമെല്ലാം യഹോവയാണെന്നു സാരം. സങ്കീർത്തനം 16: 2 - നീ ഒഴികെ എനിക്കു ഒരു നന്മയും ഇല്ല. യഹോവ എന്റെ ഓഹരിയാകുന്നു എന്നു ഉറപ്പിനു അനുബന്ധമായി സങ്കീർത്തനക്കാരൻ എടുക്കുന്ന തീരുമാനമാണ് 1-ാം വാക്യത്തിന്റെ 2-ാം ഭാഗം. 'ഞാൻ നിന്റെ വചനങ്ങളെ പ്രമാണിക്കും'. ദൈവത്തെ സ്നേഹിക്കുന്നുണ്ടോ ഇല്ലയോ എന്നതിന്റെ പ്രകടമായ ലക്ഷണമാണ് ദൈവവചനത്തോട് നമുക്കുള്ള പ്രതിബദ്ധത അഥവാ സ്നേഹം. ദൈവവചനത്തെ സ്നേഹിക്കുന്നില്ലെങ്കിൽ, പ്രമാണിക്കുന്നില്ലെങ്കിൽ യഹാവ നമ്മുടെ ഓഹരിയായിരിക്കില്ല.

വാക്യം 58 - വചനത്തെ പ്രമാണിക്കുവാൻ സങ്കീർത്തനക്കാരൻ ആവശ്യപ്പെടുന്നത് കൃപയെയാണ്. കൃപയാണ് ആഗ്രഹിക്കുന്നതെങ്കിൽ കൃപ അർഹത ഇല്ലാത്ത ദാനമാണ്. അത് കഴിവുകൊണ്ട് കിട്ടില്ല. കൃപ കല്പിച്ചാക്കുവാൻ ആവില്ല. അത് ദൈവത്തിന്റെ വാഗ്ദത്തമാണ്. അത് ദൈവത്തിൽ നിന്നും മാത്രമേ ലഭ്യമാകൂ. അതിനായി സങ്കീർത്തനക്കാരൻ പൂർണ്ണ ഹൃദയത്തോടെ യാചിക്കുന്നു. പൂർണ്ണ ഹൃദയത്തോടെ യാചിക്കുക എന്നത് മാത്രമാണ് അതിന്റെ നിമിത്തം. ലഭിച്ചതെല്ലാം കൃപ, ലഭിച്ചുകൊണ്ടിരിക്കുന്നതും കൃപ, ലഭിക്കുവാനുള്ളതും കൃപ (മത്തായി 7: 7, യോഹന്നാൻ 14: 13, യാക്കോബ് 1: 5).

വാക്യം 59 - വഴികളെ വിചാരിച്ചു, എന്റെ കാലുകളെ നിന്റെ സാക്ഷ്യങ്ങളിലേക്കു തിരിക്കുന്നു. ഇവിടെ 'വഴികൾ' എന്നു പറയുന്നത് ദൈനംദിന ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടി വരുന്ന ജീവിത വഴികൾ അഥവ ജീവിത സാഹചര്യങ്ങൾ എന്നർത്ഥത്തിലാണ്.

ജീവിതത്തിൽ നേരിടേണ്ടി വരുന്ന ഓരോ ജീവിതഅനുഭവങ്ങളിലും ദൈവവചനം അനുശാസിക്കുന്ന വഴിയെ മുന്നേറുന്നു. സങ്കീർത്തനം 39: 1 -ൽ 'നാവുകൊണ്ട് പാപം ചെയ്യാതിരിപ്പാൻ ഞാൻ എന്റെ വഴികളെ സൂക്ഷിക്കുമെന്നും ദുഷ്ടൻ എന്റെ മുമ്പിൽ ഇരിക്കുമ്പോൾ എന്റെ വായ് കടിഞ്ഞാണിട്ടു കാക്കുമെന്നും ഞാൻ പറഞ്ഞു'. ഇവിടെ നാവുകൊണ്ടു പാപം ചെയ്യാതിരിപ്പാൻ ദുഷ്ടൻ നമ്മുടെ മുമ്പിൽ ഇരിക്കുമ്പോൾ സംസാരിക്കാതിരിക്കുക എന്ന വഴിയാണ് സങ്കീർത്തനക്കാരൻ തിരഞ്ഞെടുക്കുന്നത്. അഥവാ സംസാരിക്കാതെയിരിക്കേണ്ടിയ വേളയിൽ സംസാരിക്കാതിരിക്കുവാനും സംസാരിക്കേണ്ടിയ വേളയിൽ സംസാരിക്കുവാനും നിന്റെ വചനം എനിക്കു ബോധ്യം നൽകുന്നു. പഞ്ചേന്ദ്രിയങ്ങൾ സകലതും ദൈവീക ന്യായപ്രമാണത്തിനു അനുസൃതമായി നിയന്ത്രിതമാകുന്നു.

വാക്യം 60 - താമസിയാതെ ബദ്ധപ്പെടുന്നു. കല്പനകളെ പ്രമാണിക്കുകയെന്ന തീരുമാനം എടുക്കുക. മാത്രമല്ല മറിച്ച് അവ പ്രമാണിക്കുന്നതിൽ കാലതാമസം വരുത്തുന്നില്ല. ബദ്ധപ്പാടോടു കൂടി അവ ചെയ്യുന്നു. വാക്യം 61, 62 - ദുഷ്ടന്റെ പാശങ്ങൾ എന്നെ ചുറ്റിയിരിക്കുന്നു എങ്കിലും യഹോവയുടെ ന്യായപ്രമാണത്തെ മറക്കുന്നില്ല. പോരാട്ടങ്ങൾ എന്നും കൂടെയുണ്ടാകും. അവയെല്ലാം താല്കാലികം മാത്രമാണ്. അവിടുത്തെ വിധികൾ നീതിയുള്ളവയാണ്. അവ ഹേതുവായി നിനക്കു സ്തോത്രം ചെയ്യുവാൻ ഞാൻ അർദ്ധരാത്രിയിൽ എഴുന്നേൽക്കും. വ്യക്തിപരമായി തനിക്കുള്ള ക്ലേശങ്ങൾ ഒന്നും ദൈവത്തെ സ്തുതിക്കുന്നതിൽ നിന്നും തന്നെ തടയുന്നില്ല. പ്രഭാതത്തിനു മുമ്പ് തന്നെ താൻ എഴുന്നേൽക്കുന്നു (119: 147,148). അപ്പൊസ്തല പ്രവൃത്തി 16: 25-ൽ പൗലോസും ശീലാസും ദൈവത്തെ പാടിസ്തുതിച്ചത് ഏതെങ്കിലും കാര്യം സാധിച്ചു കിട്ടേണ്ടിയതിനോ, കിട്ടിയതിനുള്ള ഉപകാരസ്മരണയിലോ അല്ല്. അവർ നിലത്തു വലിച്ചിഴക്കപ്പെട്ടു, ദേഹം മുഴുവൻ കോലുകൊണ്ടു അടിയേറ്റും കാൽ ആമത്തിൽ ഇട്ട് പൂട്ടിയിരുന്നു. പക്ഷെ അർദ്ധരാത്രിയിൽ അവർ പ്രാർത്ഥിച്ചു, പാടി സ്തുതിച്ചു. 'അത് തടവുകാർ ശ്രദ്ധിച്ചുക്കൊണ്ടിരുന്നു'. പ്രതിസന്ധികളിൽ അവ വക വെയ്ക്കാതെ നാം പാടുവാനും പ്രാർത്ഥിക്കുവാനും തയ്യാറായാൽ അതു ശ്രദ്ധിക്കുവാൻ ചിലരൊക്കെ ഉണ്ടാകും. പരിണതഫലം കാരാഗ്രഹ പ്രമാണിയും കുടുംബവും സ്നാനമേറ്റു വീടടക്കം സന്തോഷിച്ചു.

വാക്യം 63 - പ്രമാണങ്ങളെ അനുസരിക്കുന്നവർക്ക് ഞാൻ കൂട്ടാളി. 'പ്രമാണം' എന്ന പദം 4 തവണ ആവർത്തിച്ചിരിക്കുന്നു.

1. തിരുവചനം പ്രമാണിക്കും എന്നൊരു തീരുമാനം - വാക്യം 57
2. കല്പനകളെ പ്രമാണിക്കുവാൻ ബദ്ധപ്പെടുന്നു - വാക്യം 60
3. പ്രതിസന്ധികളുടെ നടുവിലും പ്രമാണത്തെ മറക്കുന്നില്ല - വാക്യം 61
4. നിന്റെ വചനങ്ങളെ പ്രമാണിക്കുന്നവരോടുള്ള കൂട്ടായ്മ - വാക്യം 63.

ബന്ധങ്ങൾ ആരോടുമാകാം പക്ഷെ കൂട്ടായ്മ തിരുവചനത്തെ അനുസരിക്കുന്നവരോടും, ഭയപ്പെടുന്നവരോടും മാത്രമേ പാടുള്ളൂ.

വാക്യം 64 - ദൈവത്തിന്റെ നീതിയുള്ള വിധികൽ ഹേതുവായി അർദ്ധരാത്രിയിൽ എഴുന്നേറ്റു സ്തോത്രം ചെയ്യുന്ന സങ്കീർത്തനക്കാരൻ ഭൂമി മുഴുവൻ യഹോവയുടെ ദയകൊണ്ട് നിറഞ്ഞിരിക്കുന്നത് കാണുന്നു. ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ അവന്റെ ദയ അവന്റെ ഭക്തന്മാരോടു വലുതായിരിക്കുന്നു (സങ്കീർത്തനം 103: 11).

ഒടുവിലായി യഹോവേ ഇനിയും ഏറെ മുന്നോട്ടു പോകേണ്ടതായിട്ടുണ്ട്. നിന്റെ ചട്ടങ്ങളെ എനിക്ക് ഉപദേശിച്ചു തരേണമെ എന്ന ഹൃദയങ്കമായ പ്രാർത്ഥന!

# ചെമ്മീൻ കപ്പ വട



സൂസമ്മ കുര്യൻ

**ചേരുവകൾ:**

1. ചെമ്മീൻ, ഉപ്പും കുരുമുളകും മഞ്ഞളും ചേർത്തു പുഴുങ്ങി പൊടിച്ചത് - ഒരു കപ്പ്
2. കപ്പ പുഴുങ്ങി പൊടിച്ചത് - 1 3/4 കപ്പ്
3. സവാള ചെറുതായി അരിഞ്ഞത് - 1/2 കപ്പ്
4. ഇഞ്ചി ചെറുതായി അരിഞ്ഞത് - ഒരു ടേബിൾ സ്പൂൺ
5. പച്ച മുളക് വട്ടത്തിൽ അരിഞ്ഞത് - ഒരു ടേബിൾ സ്പൂൺ
6. ചെറിയ ഉള്ളി അരിഞ്ഞത് - ഒരു ഡിസേർട്ട് സ്പൂൺ
7. ചതച്ച ഉണക്ക മുളക് - ഒരു ടേബിൾ സ്പൂൺ
8. കറിവേപ്പില അരിഞ്ഞത് - ഒരു ടേബിൾ സ്പൂൺ
9. ഫിഷ് സോസ് (ആവശ്യമെങ്കിൽ) - ഒരു ടേബിൾ സ്പൂൺ
10. ഉഴുന്നു പരിപ്പ് - ഒരു ടേബിൾ സ്പൂൺ
11. എണ്ണ - ആവശ്യത്തിന്

രണ്ട് ടേബിൾ സ്പൂൺ എണ്ണ ഒഴിച്ചു ചൂടാകുമ്പോൾ ഉഴുന്നു പരിപ്പും കറിവേപ്പിലയും ഇടുക. ഉഴുന്നു പൊട്ടിക്കഴിയുമ്പോൾ 3 മുതൽ 6 വരെയുള്ള ചേരുവകൾ ചേർത്തു വഴറ്റുക. ഉണക്ക മുളകും ഫിഷ് സോസും ചേർത്തു ഇളക്കുക. തീ കെടുത്തിയ ശേഷം ചെമ്മീനും കപ്പയും ചേർത്തു കുഴച്ചു ഉപ്പും വേണമെങ്കിൽ ചേർത്തു വടപോലെ പരത്തി വറുക്കുക.



Knowledge Cafe

Jijo Angamaly

# PUZZLE 22

## Who am I?

1. My name in mentioned in the New Testament and in the Old Testament.
2. I have sons more than the number of daughters
3.Half of my children died before my death
4. The name of my sons are not mentioned in the Bible
5. Half of my daughters names are mentioned in the Bible
6.One of the brothers of Jesus knows my name.
7. I have not seen prophet Ezekiel, but he knows me.
8. I am the second person with the same name in the Bible.

# BIBLE QUIZ 22

1. വഴിപോക്കരുടെ താഴ്‌വരയുടെ മറുനാമം?
2. ഒരു മകനുവേണ്ടി പ്രാർത്ഥിച്ച പുതിയ നിയമ കഥാപാത്രം?
3. യേശുവിന്റെ ജന്മസ്ഥലം പ്രവചിച്ച പ്രവാചകൻ?
4. സഭയിൽ പ്രധാനിയാകുവാൻ ആഗ്രഹിച്ച സഭാംഗം?
5. യിസ്രായേലിനെ ഉപമിച്ചിരിക്കുന്ന പുഷ്പം?
6. പൗലോസ് ഹൃദയത്തിൽ വഹിച്ച സഭ?
7. തൂണുകളായ് എണ്ണപ്പെട്ട ശിഷ്യന്മാർ എത്ര?
8. ശലോമോന് മുന്തിരിത്തോട്ടം ഉണ്ടായിരുന്ന സ്ഥലം?
9. തീത്തോസിനെ ഭയത്തോടും വിറയലോടും കൂടെ കൈക്കൊണ്ട സഭ?
10. ഈന്തനഗരം എന്ന് വിശേഷിപ്പിക്കുന്ന സ്ഥലം?

---


1. Give the other name for 'the valley of those who pass by east of the sea'?
2. Who prayed for a son in the New Testament?
3. Name the prophet who prophesied the birth place of Jesus
4. Who desired for the preeminence in the assembly?
5. Name the flower that is compared to Israel
6. Name the church which was in the heart of Paul
7. How many disciples are counted to be pillars?
8. Name the place where Solomon had a vineyard
9. Which church received Titus with fear and trembling?
10. Which city is known as the city of palm trees?

## WINNERS -21

(Through draw out of correct entries)



**Bible Quiz**
**Alice Varghese**
*Church of God Full Gospel in Bahrain*



**Puzzle**
**Rhea Eileen Mathew**
*IPC Bahrain*

E-mail : hhgulfnews@gmail.com
Whatsapp : 00973 38383399

*ഉത്തരങ്ങൾ ആഗസ്റ്റ് 31-ന് മുമ്പായി അയക്കുക*
**Kindly send the answers by 31st August**

## ശരി ഉത്തരങ്ങൾ Issue # 21

### ബൈബിൾ ക്വിസ്

1. ആസാ – 2 Chro.15: 13
2. നോഹോര് – Gene.11; 24
3. മീഖ – Micah 7: 6
4.സംഖ്യാപുസ്തകം – Num.5: 22
5. ഗിദയോന്റെ വാൾ – Judg.7: 13-14
6. എസ്രാ – Ezra 7: 16
7. യേശു – Luke 2: 46
8. വിതക്കുന്നത് ഒരുത്തൻ, കൊയ്യുന്നത് മറ്റൊരുത്തൻ – John 4: 37
9. യഹോവ–നിസ്സി – Exo.17: 15
10. കെഹാത്യർ – Num.4: 18

### Puzzle

Ask, Seek & Knock

## KINDLY NOTE A FEW IMPORTANT POINTS

*The prime aim behind Hello Hope Knowledge Cafe is to encourage everybody to have a deep knowledge of the Word of God. We are happy to get a great response as we receive hundreds of entries for each issue and the names of those who send correct answers are published accordingly. Quiz Master is dedicating his time and a lot of effort in preparing it. Let us request your attention to the following points upon our feedback:*

1. Kindly do not send answers in the names of your children, if the answers are found by the parents. By doing so, an opportunity for your children to learn the Word of God will be lost. We may also contact the sender in case of doubtful entries for the sake of children.
2. Do not share the answers with others until the next issue comes out.
3. Eventhough, it's fair to discuss with others to find the answers, do not try to copy the answers found by someone else.
4. We were surprised to see forwarded answers without deleting the original names.
5. If we can get appreciation certificate by our faithful acts before God, it will be a great example for others.

# യോഗ്യതയും അയോഗ്യതയും



പാസ്റ്റർ ഡാനിയേൽ കുമ്പളപ്പള്ളിൽ

മനുഷ്യജീവിതം ചിലപ്പോഴെങ്കിലും അഭിനയങ്ങളുടേതാകുന്നില്ലേ എന്നു തോന്നിപോകാറുണ്ട്. നമുക്കുള്ളത് മാത്രമല്ല നമുക്കില്ലാത്തതും ഉണ്ടെന്ന് അഭിനയിച്ച് കാണിക്കുവാൻ വെമ്പൽ കൊള്ളുന്നവരാണ് നാം. എന്നാൽ നമ്മെ നാം ഉള്ളതുപോലെ തന്നെ സമർപ്പിക്കുന്നതാണ് കർത്താവിനിഷ്ടം.

ഒരിക്കൽ ഒരു റോമൻ ശതാധിപൻ തന്റെ ബാല്യക്കാരന്റെ മരണകരമായ രോഗത്തിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുവാൻ യഹൂദാപ്രമാണികളെ അയച്ചു യേശുവിനോട് അപേക്ഷിച്ചു. യേശു അവന്റെ വീടിനോട് അടുക്കുമ്പോൾ ശതാധിപൻ പിന്നേയും സ്നേഹിതരെ അയച്ച്, കർത്താവേ നീ എന്റെ പുരക്കകത്ത് വരുവാൻ ഞാൻ യോഗ്യനല്ല എന്നു പറയുന്നു (ലൂക്കോസ് 7: 2-10).

യോഗ്യനല്ല എന്ന് പറയുന്ന ശതാധിപൻ യഥാർത്ഥത്തിൽ പുറമെ ഒരുപാട് യോഗ്യതകളുള്ളവനാണ്. അദ്ദേഹത്തിന്റെ യോഗ്യതകളെ ശ്രദ്ധിക്കുക. റോമൻ ഗവ.ഉദ്യോഗസ്ഥൻ, അധികാരം, പദവി, ഉന്നതസ്ഥാനം, പ്രശസ്തി, സമ്പത്ത്, എല്ലാവരേയും സ്നേഹിക്കുന്നവൻ, ദാനധർമ്മങ്ങളും പുണ്യ പ്രവർത്തികളും ചെയ്യുന്നവൻ. ഇങ്ങനെ തന്റെ വീട്ടിലേക്ക് പ്രധാനപ്പെട്ട വ്യക്തികളെ ക്ഷണിക്കുവാൻ ആവശ്യമായ എല്ലാ യോഗ്യതകളും ഉള്ള ഒരു നല്ല മനുഷ്യൻ. എന്നാൽ യേശു തന്നോട് അടുക്കുംന്തോറും തന്റെ ഈ ലോകപരമായ എല്ലായോഗ്യതകളേയും നിഷ്പ്രഭമാക്കിക്കൊണ്ട് താൻ പറയുന്നു യേശു എന്റെ പുരക്കകത്തു വരുവാൻ ഞാൻ യോഗ്യനല്ല. ക്രിസ്തുവുമായുള്ള അടുപ്പം വർദ്ധിക്കുംന്തോറും സ്വയനീതീകരണം മാറ്റിവെച്ച് ദൈവത്തിന്റെ നീതിയിൽ വിശ്വസിച്ച് നീതികരിക്കപ്പെടുന്നതാണ് ക്രിസ്തു നമ്മിൽ വരുവാനുള്ള യോഗ്യതകൾ. അപ്രകാരം നമ്മിൽ വന്ന വിശുദ്ധനാ യ ക്രിസ്തുവിന്റെ വിശുദ്ധിയിൽ തുടർന്നു ജീവിക്കുന്നതാണ് ക്രിസ്തീയ ജീവിതത്തിന്റെ അനുഗ്രഹകരമായ അവസ്ഥ. യഥാർത്ഥത്തിൽ പുറമെ ഇത്രയധികം യോഗ്യതകളുള്ള ശതാധിപന്റെ വീട്ടിലേക്ക് വരുന്ന യേശുവിന്റെ പുറമെ നോക്കിയാൽ എന്തു യോഗ്യതകളാണ് കാണുവാൻ സാധിക്കുന്നത്. തച്ചന്റെ മകൻ, മുക്കുവന്മാരോടും പാപികളോടും കൂടെ ജീവിക്കുന്നവൻ, സ്ഥിരമായി ഒരു ജോലി ഇല്ലാത്തവൻ, വരുമാനമില്ലാത്തവൻ, ഇങ്ങനെ പോകുന്നു...

ലോകപരമായ തന്റെ പദവികളോ, അധികാരങ്ങളോ, സമ്പത്തോ നിമിത്തം തന്റെ ബാല്യക്കാരൻ രക്ഷപ്പെടുകയില്ല എന്ന് ഉത്തമബോധ്യം ശതാധിപനു ലഭിച്ചത് ക്രിസ്തുവിന്റെ ലോകപരമായ യാതൊരു യോഗ്യതകളും കണ്ടിട്ടല്ല. പകരം ക്രിസ്തുവിന്റെ ആത്മീകാധികാരത്തെക്കുറിച്ച് താൻ ബോധവാനായപ്പോഴത്രെ. ക്രിസ്തുവിന്റെ ആത്മീകാധികാരം തനിക്ക് വെളിപ്പെടുവാൻ കാരണം തന്നിലേക്ക് തന്നെ നോക്കി തന്റെ അയോഗ്യതകളെ കാണുവാൻ ശതാധിപനു സാധിച്ചതിനാലാണ്. ജാതീയനായ ഈ മനുഷ്യൻ ക്രിസ്തുവിന്റെ ഉള്ളിലുള്ള ആത്മാകാധികാരത്തെ തിരിച്ചറിയുവാനും അത് അംഗീകരിക്കുവാനും സാധിച്ചതാണ് തന്റെ ജീവിതത്തിലേക്ക് ദൈവീക അത്ഭുതത്തെ കൊണ്ടുവരുവാൻ ഇടയാക്കിയത്. ഒരർത്ഥത്തിൽ തന്റെ എല്ലാ അധികാരങ്ങളും ക്രിസ്തുവിന്റെ അധികാരത്തിനു മുമ്പിൽ സമ്പൂർണ്ണമായി സമർപ്പിക്കുകയും താൻ ക്രിസ്തുവിന്റെ അധികാരത്തിനു കീഴ്പ്പെടുകയും അല്ലേ ശതാധിപൻ ചെയ്തത്.

ഏത് അധികാരവും ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു, അതിനാൽ നാമും ദൈവീകമായ അധികാരങ്ങൾക്ക് വിധേയപ്പെടുന്നത് നമ്മുടെ ജീവിതത്തിലും ദൈവീക അനുഗ്രഹങ്ങളെ പ്രാപിക്കുന്നതിനും നിലനിർത്തുന്നതിനും സഹായകരമത്രെ. കുടുംബജീവിതത്തിൽ, ജോലിയിൽ, സഭയിൽ, രാജ്യത്തിൽ ഒക്കേയും ദൈവീകമായ അധികാരക്രമങ്ങൾ ദൈവം സ്ഥാപിച്ചത് നാം അതിലൂടെ അനുഗ്രഹിക്കപ്പെടുവാനത്രെ. ക്രിസ്തു എന്ന തലയായവനിൽ നിന്നും ശരീരത്തിന്റെ അവയവമാർന്ന നമ്മിലേക്ക് സന്ധികളാലും ഞരമ്പുകളാലും ചൈതന്യം ലഭിച്ച് ആത്മീകമായ വളർച്ച പ്രാപിക്കുവാൻ ഓരോരുത്തരേയും ദൈവം ആക്കിവെച്ച വ്യവസ്ഥിതികൾക്കും അധികാരത്തിനും വിധേയപ്പെടുവാൻ ആവശ്യമായിരിക്കുന്നു.

നമ്മിലേക്ക് തന്നെ നോക്കാം. സ്വന്ത കണ്ണിലെ കോലുകളെ മാറ്റുവാനും അതിലൂടെ ക്രിസ്തുവിലുള്ള ആത്മീകാധികാരം നമുക്ക് വെളിപ്പെട്ടു വരുവാനും അതിനു വിധേയപ്പെടുവാനും അങ്ങനെ സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹങ്ങളും പ്രാപിക്കുവാനും ഏവർക്കും ഇടയാകട്ടെ.

***ലോകപരമായ തന്റെ പദവികളോ, അധികാരങ്ങളോ, സമ്പത്തോ നിമിത്തം തന്റെ ബാല്യക്കാരൻ രക്ഷപ്പെടുകയില്ല എന്ന് ഉത്തമബോധ്യം ശതാധിപനു ലഭിച്ചത് ക്രിസ്തുവിന്റെ ലോകപരമായ യാതൊരു യോഗ്യതകളും കണ്ടിട്ടല്ല.***

## Bible Quiz & Puzzle
## Those who sent correct answers

Issue 21

1. Jessy Anish, Immanuel Church, KSA
2. Feba Mariyam Varghese, IPC Dublin, Ireland
3. Jessy Jacob, AG Church, Bahrain

### Bible Quiz only

1. Alice Issac Sunny, CSI Christ Church, Mavelikkara
2. Jibin C. Samuel, Bethesda AG Church, Vashi, Navi Mumbai
3. Anie Mathew, COGFG Subhash Nagar, New Delhi
4. Scici Jaison,New India Church of God, Aroor, Ernakulam
5. Feba Biju, Church of God Full Gospel in Bahrain
6. Ajeena Dileesh, IPC Bethel
7. Kunjumol Saji, Church of God Full Gospel Prayer Fellowship
8. Lincy Roopesh, Church of God Full Gospel in Bahrain
9. Alice Varghese, Church of God Full Gospel in Bahrain
10. Esther Elssa Ani, IPC Immanuel
11. Mathew Issac, Wycombe Prayer Cemtre, High Wycombe, UK
12. Sino Binu, IPC Bethel
13. John Joseph, AG Church Bahrain

### Puzzle Only

1. Joel Tom John, The Full Gospel Church of Philadelphia
2. Rhea Eileen Mathew, IPC Bahrain
3. Irine Jijo.P, BBA, Majlis


## Bible Quiz/Puzzle Terms & Conditions

1. Quiz Master's decision will be final.
2. There is no age limit for participation.
3. Answers can be sent by e-mail and whatsapp.
4. Kindly send name, photo, church and contact number along with answers.
5. Winners will be selected through a draw in case there are more than one correct entry.
6. Winners name and photo will be published in next issue.
7. Attractive prizes will be awarded to winners.
8. Incomplete answers will not be entertained.
9. Bible Quiz answers should be sent along with reference.
10. There will be separate prizes for both Bible Quiz and Puzzle.
11. All those who send correct answers will receive HH Appreciation Certificate.

## ബൈബിൾ ക്വിസ്/പസിൽ നിബന്ധനകൾ

1. ബൈബിൾ ക്വിസ്/പസിൽ സംബന്ധിച്ച് അന്തിമ തീരുമാനങ്ങൾ മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും
2. ഏത് പ്രായക്കാർക്കും പങ്കെടുക്കാവുന്നതാണ്
3. ഉത്തരങ്ങൾ ഈമെയിലിലോ വാട്സാപ്പിലോ അയക്കാവുന്നതാണ്
4. **ഉത്തരങ്ങൾ അയക്കുന്നവർ പേര്, ഫോട്ടോ, ഉൾപ്പെട്ട് നിൽക്കുന്ന കൂട്ടായ്മ, കോൺടാക്ട് നമ്പർ എന്നിവ കൃത്യമായി എഴുതുക.**
5. ഒന്നിലധികം ശരിയുത്തരങ്ങൾ ഉണ്ടായാൽ നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തുന്നതായിരിക്കും
6. ശരിയുത്തരം അയച്ചവരുടെ പേരുകളും വിജയിയുടെ ഫോട്ടോ ഉൾപ്പെടെ ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്
7. വിജയിക്ക് ആകർഷകമായ സമ്മാനം നൽകുന്നതാണ്
8. പൂർണമല്ലാത്ത ഉത്തരങ്ങൾ പരിഗണിക്കുന്നതല്ല
9. ബൈബിൾ ക്വിസിന്റെ ഉത്തരങ്ങൾ റഫറൻസ് ഉൾപ്പെടെ അയക്കണം
10. ബൈബിൾ ക്വിസിനും പസിലിനും വെവ്വേറെ സമ്മാനങ്ങൾ നൽകുന്നതാണ്.
11. ശരിയുത്തരമയക്കുന്ന എല്ലാവർക്കും *HH Appreciation Certificate* ലഭിക്കുന്നതാണ്

# The Art of Moving On



Joel George Jacob


*"In the process of letting go you will lose many things from the past, but you will find yourself."*

Had a moment of confrontation? Someone wronged you? Life hasn't gone as planned?


Life is funny and sometimes tricky, you live your life the way you think would be beautiful and then as life goes on something comes in your way that disrupts the entire smooth flow of your life and you reach a point where you just can't move forward. And then you dwell in this juncture in life. It could be anything, from a moment of confrontation with something or someone to things not happening in our life as we planned. It happens but then, as human beings we tend to dwell on it for a longer period of time. We stop, we think, we worry, we understand what went wrong, we think again, we worry again, this cycle goes on and on and on and. This process doesn't help us and more importantly it is harmful for us. It doesn't add anything to our lives, but it takes away a lot, we lose our confidence, our time, our hope in things and sometimes even our will to live. We all fall and we all have a choice to get back up and move forward, but we tend to stay down.

"The world ain't all sunshine and rainbows. It is a very mean and nasty place and it will beat you to your knees and keep you there permanently if you let it. You, me, or nobody is gonna hit as hard as life. But it ain't how hard you hit; it's about how hard you can get hit, and keep moving forward. How much you can take, and keep moving forward. That's how winning is done. Now, if you know what you're worth, then go out and get what you're worth"

Rocky said these words and it carries deeper meaning. There is nobody in this world that hasn't fallen down, not single person in the world that life hasn't punched in the face, but that's not what matters. To let go of what pulled you back and to keep jumping over obstacles and keep moving forward. We all fall, and that's the proof that we were standing once, and if that's the case, you can stand again. Fall is inevitable but what adds glory to life is when we move on in life. Sometimes, no matter how much we try to avoid it, life hurts us. The very nature of being human is to feel, to experience life, and with that comes the ebb and flow of pleasure and pain, but don't let it put you down.




Fall down but keep moving forward, even if you have to crawl!




Tincy Justin

(.... continued form Page 1)

## 4. You are chosen

Jn 15:16 says, You did not choose me , but I chose you, appointed you that you should go and bear fruit and that your fruit should abide, so that whatever you ask the father in my name he may give it to you. Again in the book of Jeremiah it reminds us that before you were formed in the womb, he knew you and before you were born, He consecrated you. He approved you as His chosen instrument.

## 5. You are precious and loved:

He made us each unique, individual and one of a kind. You are His masterpieces, made in His image. You mean a whole lot to the Lord and nothing can ever happen to change that truth. Isa 43: 4 says, Since you are precious and honored in my sight and because I love you, I will give people in exchange for you, nations in exchange for your life. And because you are loved by Him nothing can separate you from Him. No schemes of the evil ,no plans of men, no forces of darkness nor sickness, no angels or death. He paid a price for you and purchased you by His blood at the foot of the cross. You are His.

## 6.You are safe and secured

If you live in Him and He in you, then let me to assure you, no weapon forged against you will ever prosper, you will silence every voice raised up to accuse you. This is the heritage of the servants of the lord, their vindication from the Lord. (Isa 54:17). If you make him your refuge and fortress then he will cover you under His mighty wings. (Ps 91:1).

Its time for us to stand up and be who god says we are. And we need to let the devil know that we know who we are in Christ . Therefore, wear the full armor of God and be strong and courageous in his mighty power, so that when the day of evil comes. You may be able to stand your ground.

## PROMISE & COMMAND OF THE MONTH

### PROMISE

**അപ്പൊ.പ്രവ. 1: 8**

എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു.

### COMMAND

**സദൃശ്യവാക്യങ്ങൾ 7:1**

മകനേ, എന്റെ വചനങ്ങളെ പ്രമാണിച്ചു എന്റെ കല്പനകളെ നിന്റെ ഉള്ളിൽ സംഗ്രഹിച്ചുകൊൾക.

# ശാസ്ത്ര – സാങ്കേതിക വിദ്യകളുടെ കുതിച്ചുചാട്ടങ്ങൾ

PART 2



തോമസ് ജോസഫ്

മനുഷ്യൻ വലിയ മുന്നേറ്റം കൈവരിച്ച മറ്റൊരു മേഖലയാണ് ആരോഗ്യപരിപാലനം. ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുവാൻ തുടങ്ങിയതോടെ വിപ്ലവകരമായ വളർച്ചയാണ് ഈ രംഗത്ത് ഉണ്ടായത്. അതിന്റെ ഫലമായി മനുഷ്യരുടെ ആയുർദൈർഘ്യം വളരെ കൂടുതലുണ്ടായി. ജനിതക മാറ്റം വരുത്തിയ പച്ചക്കറികളെക്കുറിച്ച് നാം മനസിലാക്കിയിട്ടുണ്ട്. എന്നാൽ ജനിതക മാറ്റം വരുത്തിയ മനുഷ്യരേയും സമീപ ഭാവിയിൽ കാണാൻ കഴിയും. ഒരു വ്യക്തിയിലെ അപകടകരങ്ങളായ ജീനുകളെ ഒഴിവാക്കാനും പുതിയ ജീനുകൾ കൂട്ടിച്ചേർക്കാനും കഴിയുംവിധം ജനിതക ശാസ്ത്രം മുമ്പോട്ട് പോയിക്കഴിഞ്ഞു. വാർദ്ധക്യത്തിൽ സംഭവിക്കുന്ന ഓർമ്മക്കുറവ്, കാഴ്ചക്കുറവ്, കേഴ്‌വിക്കുറവ് എന്നിവയൊക്കെ ഈ മാറ്റത്തിലൂടെ പരിഹരിക്കപ്പെട്ടേക്കാം. രോഗങ്ങളെത്തന്നെ മുൻകൂട്ടി കണ്ട് ഒഴിവാക്കാനും കഴിഞ്ഞേക്കാം. അതിമാനുഷരുടെ കാലമാണ് ഇനി വരുന്നത് എന്നാണ് വിഖ്യാത ഭൗതീക ശാസ്ത്രജ്ഞൻ (theoretical physicist & cosmologist) ആയിരുന്ന സ്റ്റീഫൻ ഹോക്കിങ്ങിന്റെ അഭിപ്രായം. ജനിതക ശാസ്ത്രത്തിന്റെ വികാസംമൂലം ധനികർ തങ്ങളുടേയും മക്കളുടേയും DNA ഘടനയിൽ വ്യത്യാസം വരുത്തുകയും അതുവഴി നിത്യയൗവ്വനം കാത്തുസൂക്ഷിക്കുവാനും അതിബുദ്ധിമാന്മാരും ആയുർ ദൈർഘ്യം ഉള്ളവരും ആയിത്തീരുവാനും ശ്രമിക്കും. അതോടെ സാധാരണക്കാർ അപ്രസക്തരായി പിന്തള്ളപ്പെടും.

മനുഷ്യർക്ക് ദീർഘായുസും നിത്യയൗവ്വനുവും കൊടുക്കുംവിധം വൈദ്യശാസ്ത്രവും ജനിതക ശാസ്ത്രവും വളർന്നാലും 'ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോട് ചോദിക്കും; പിന്നെ നീ ഒരുക്കിവെച്ചത് ആർക്കാകും' (ലൂക്കോസ് 12: 20) എന്നാണ് ദൈവത്തിന് മനുഷ്യനോട് ചോദിക്കാനുള്ളത്. ശാസ്ത്രം വളരെ വളർന്നിട്ടും, പ്രകൃതി ദുരന്തങ്ങളുടെ മുമ്പിൽ പകച്ചു നിൽക്കുന്ന മനുഷ്യനെയാണ് ഇന്നും നാം കാണുന്നത്. ഒരു കാട്ടുതീയെപ്പോലും നിയന്ത്രിക്കാൻ കഴിയാതെ ഉഴലുന്ന വികസിത/ സമ്പന്ന രാജ്യങ്ങളെ നാം കാണാറുണ്ട്. ദൈവത്തിന്റെ ഭണ്ഡാരത്തിലെ ആയുധങ്ങളുടെ മുമ്പിൽ മനുഷ്യൻ എന്നും നിസഹായനാണ്. ബഹിരാകാശത്തും ചന്ദ്രനിലും ചൊവ്വയെപ്പോലുള്ള ഗ്രഹങ്ങളിലും വാസം ഉറപ്പിക്കുന്നതിനെ കുറിച്ചാണ് മനുഷ്യൻ ഇപ്പോൾ ചിന്തിക്കുന്നത്. എന്നാൽ 'നീ, കഴുകനെപ്പോലെ ഉയർന്നാലും നക്ഷത്രങ്ങളുടെ ഇടയിൽ കൂടുവെച്ചാലും അവിടെനിന്ന് ഞാൻ നിന്നെ ഇറക്കും' (ഓബ.1: 4, യിര.49: 16) എന്നാണ് ദൈവത്തിന് പറയാനുള്ളത്.

മനുഷ്യർ ഒരുവശത്ത് വലിയ ശാസ്ത്രീയ നേട്ടങ്ങൾ കൈവരിക്കുമ്പോൾ മറുഭാഗത്ത് ധാർമ്മികമായി അധഃപതനത്തിലേക്ക് വീണുകൊണ്ടിരിക്കുന്നു. പാശ്ചാത്യ രാജ്യങ്ങളുടെ ചുവടുപിടിച്ച് ഉന്നത ധാർമ്മിക നിലവാരത്തിനും കുടുംബ ഭദ്രതയ്ക്കും പേരുകേട്ടിരുന്ന ഭാരതത്തിലും സ്വവർഗ്ഗ ലൈംഗികതയും സ്വവർഗ്ഗ വിവാഹവും വിവാഹേതര ലൈംഗിക ബന്ധങ്ങളും നിയമ വിധേയമായിരിക്കുന്നു. വിശുദ്ധ വേദപുസ്തക പ്രകാരം ദൈവം മനുഷ്യന് നൽകിയ സദാചാര നിയമങ്ങൾക്ക് വിരുദ്ധമായ ഈ മ്ലേച്ഛതകൾ (ലേവ്യ.18: 20, 22) ഭാരതത്തിലും പാപമല്ലാതായിരിക്കുന്നു. ലോത്തിന്റെ കാലത്തെ ജനങ്ങൾ ഇത്തരം പാപങ്ങളിൽ മുഴുകിയതുകൊണ്ടാണ് ദൈവം സോദോമും ഗൊമോറയും നശിപ്പിച്ചത്. ഇത്തരം പ്രവൃത്തികളെ 'അവലക്ഷണം' എന്നാണ് പുതിയ നിയമത്തിൽ വിശേഷിപ്പിച്ചിരിക്കുന്നത് (റോമ.1: 26, 27). മനുഷ്യരുടെ ജ്ഞാനം വർദ്ധിക്കുകയും അതേ സമയം ധാർമിക അധഃപതനവും മൂല്യച്യുതിയും സംഭവിക്കുകയും ചെയ്യുന്നത് അന്ത്യകാലത്തിന്റെ ലക്ഷണങ്ങൾ ആണെന്ന് ബുദ്ധിയുള്ളവർ ഗ്രഹിക്കട്ടെ.

---



ജീമോൻ പഴയിടം
മൂന്നാർ




പണിതുയർന്ന് പ്രൗഢിയോടു കൂടി നിൽക്കുന്ന ആ കെട്ടിടത്തെ എല്ലാവരും അത്ഭുതത്തോടെ നോക്കി ചിലർ കൈചൂണ്ടി ഇപ്രകാരം പറഞ്ഞു 'അതിന്റെ കൊത്തുപണികൾ കണ്ടോ എത്ര മനോഹരമായിരിക്കുന്നു'.

ചിലർ പറഞ്ഞു എത്ര വലിപ്പം ഇത്രയും പ്രൗഢിയാർന്ന ഒരു കെട്ടിടം ഇവിടടുത്തെങ്ങും ഇല്ല. പലർക്കും പല അഭിപ്രായമായിരുന്നു. എന്നാലതൊന്നും അതിന്റെ കുറവിനേക്കുറിച്ചായിരുന്നില്ല. അതിന്റെ മനോഹാരിതയെക്കുറിച്ചായിരുന്നു. തമ്മിൽ കൊരുത്ത് തങ്ങളാൽ പണിത ആ സൗധത്തെ താഴെ നിന്ന് അനേകർ കൈ ചൂണ്ടി വിസ്മയത്തോട ഐന്തൊക്കെയോ പറയുന്നത് നോക്കി അതിലെ ഇഷ്ടികകൾ പരസ്പരം അഭിമാനത്തോടെ നോക്കി പലപ്പോഴും തല ഉയർത്തിപിടിച്ചു. ചിലർ ഗാംഭീര്യത്തോടെ തങ്ങളെ തന്നെ ആപാദചൂഡം വീക്ഷിച്ചു. മണിക്കൂറുകൾ പോകുന്തോറും അവരുടെ ഉള്ളിലെ അഹങ്കാരം വർദ്ധിച്ചു.

ഒരുവൻ ഉറക്കെ പറഞ്ഞു 'കണ്ടോ ആ മനുഷ്യർ പറയുന്നത് എന്നെ കുറിച്ചാണ്. എന്റെ ശക്തിയും സൗന്ദര്യവുമാണ് അവർ പുകഴ്ത്തുന്നത്. സത്യത്തിൽ ഞാനില്ലെങ്കിൽ ഈ കെട്ടിടമേ ഇല്ല'. അവനോടു ചേർന്നിരുന്നവൻ അവനെ പുച്ഛത്തോടെ നോക്കി ചിരിയോടെ പറഞ്ഞു.

അല്ലേ അല്ലേ നീ നോക്കിക്കെ അവർ എന്നെ കൈചൂണ്ടി എന്നേക്കുറിച്ചാണ് പറയുന്നത്. കെട്ടിടത്തിലിരുന്ന എല്ലാ ഇഷ്ടികകളും ഉറക്കെ വിളിച്ചലറി 'അല്ല, എന്നെക്കുറിച്ചാണ് എനിക്കാണ് ശക്തി, എനിക്കാണ് സൗന്ദര്യം' അവർ പരസ്പരം പോർ വിളിച്ചു.

എന്റെ സൗന്ദര്യത്തിന് നിന്നെപ്പോലൊരു വ്യക്തിയുടെ കൂട്ടുപോലും ശരിയല്ല. തമ്മിൽ ചേർന്നു ഒരുമയോടെ നിന്നിരുന്ന അവർ വേർപിരിയാൻ തുടങ്ങി. വർഷങ്ങൾക്കൊണ്ട് പണിതുയർത്തിയ ആ കെട്ടിടം മിനിറ്റുകൾ കൊണ്ട് തകർന്നു താഴെ വീണു. സൗന്ദര്യത്തെക്കുറിച്ചും ശക്തിയെക്കുറിച്ചും അഹങ്കരിച്ച ഇഷ്ടികകൾ പല കഷണങ്ങളായി ചിതറി വീണു. ചിലർ മൂക്കത്ത് വിരൽ വെച്ചു, ചിലർ തകർന്നു വീണ കെട്ടിടത്തിനു മുകളിലൂടെ പരിഹാസത്തോടെ ചവിട്ടി നടന്നു. ചിലർ മാറി നിന്ന് അതിനെ നോക്കി മഹാ കഷ്ടം എന്നു പരിതപിച്ചു.

ഒത്തൊരുമ എന്ന പക്വമായ അലങ്കാരത്തിൽ നിന്ന് ഞാനെന്ന ഭാവമെന്ന അപക്വമായ അധഃപതനത്തിലേക്ക് വിരൽ ചൂണ്ടുന്ന ഒരു ചിന്തയാണ് നാം മുകളിൽ വായിച്ചത്. ഭവനത്തിലും, പ്രാർത്ഥനയിലും, പ്രസ്ഥാനത്തിലും, സുവിശേഷ വേലയിലും, വ്യക്തി ജീവിതത്തിലും ഒരുമിച്ചു നിൽക്കേണ്ട നാം, ഞാനെന്ന ഭാവത്തിന്റെ അതിപ്രസരം മൂലം പലപ്പോഴും തകർന്നടിഞ്ഞ് മറ്റുള്ളവരുടെ പരിഹാസപാത്രമായി തീരാറുണ്ട്. പലപ്പോഴും ഒത്തൊരുമ എന്നത് പ്രസംഗങ്ങളിലും, ഉപദേശങ്ങളിലും മാത്രമായി ഒതുങ്ങി പോകുന്നു. നമുക്കൊരുമിക്കാം നമ്മുടെ ഒത്തൊരുമ നാളയുടെ പ്രശംസയ്ക്കും ഉയർച്ചയ്ക്കും ഉതകട്ടെ. 1 കൊരിന്ത്യർ 1-ാം അദ്ധ്യായം 10-ാം വാക്യത്തിൽ സഹോദരന്മാരെ നിങ്ങൾ എല്ലാവരും ഒന്നു തന്നെ സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏക മനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കുകയും വേണം എന്ന അപ്പൊസ്തലന്റെ വാചകം ഇത്തരുണത്തിൽ ഓർപ്പിക്കുന്നു.

ഒരുമയോടെ നിന്ന് നമ്മൾ നേടേണ്ട മഹത്തരമായ ശ്രേയസ്സുകളെ അഹങ്കാരവും ഞാനെന്ന ഭാവവും മൂലം സമൂഹത്തിൽ, കുടുംബത്തിൽ സ്വയം പരിഹാസ പാത്രമായി നാം തീരാറില്ലേ?

ചിന്താഗതികളെ മാറ്റാം പരസ്പരം കൈകളെ കോർത്ത് ഒരുമിക്കാം. ജീവിതത്തിൽ മാറ്റങ്ങൾ വരട്ടെ അതുമൂലം സ്വർഗ്ഗം സന്തോഷിക്കട്ടെ. ആമേൻ.

---

## കർത്താവിൽ നിദ്ര പ്രാപിച്ചവർ



**മറിയാമ്മ ടൈറ്റസ് (104)**
പുത്തൻപറമ്പിൽ, റാന്നി
(Mother of Bro. Babu Puthenparamban
Zion Gospel Mission Church, Bahrain)



**R. പുഷ്പമ്മ (59)**
കുറ്റിച്ചൽ, തിരുവനന്തപുരം
( Mother of Pastor G.P. Nischel Roy )

# Inter-Church Bible Quiz
## Organized by
## The Full Gospel Church of Philadelphia, Bahrain



The winning team - National Evangelical Church with the Guests of Honor - H.E Nancy Khedouri - Shura Council Member, H.E Dr Kemal - Turkish Ambassador to the Kingdom Of Bahrain, Dr Koshy P Mathew - Sr Pastor Full Gospel Of Church Of Philadelphia, Rev Dr Sujeewa Tissera- Full Gospel Church Of Philadelphia, Pr Bhaskaran - Four Square Church, Dr Samuel Jacob - Full Gospel Church of Philadelphia and Pr Anil Alva - Full Gospel Church of Philadelphia



The first runner up team - Four Square Church with the guests of honor



The second runner up team - Malayalam Congregation of Full Gospel Church of Philadelphia


## തക്ക തുണ

*HH Matrimonial*

Proposal invited for Pentecostal North Indian Girl
fair, 26 years, MSc Chemistry, PGDC, BE.d, 5.1ft Height

Contact: 0091 9981478553

E-mail: zachariamamman@gmil.com



BMCC

## BAHRAIN MALAYALEE CHRISTIAN CONGREGATION

## 7th Kerala Sangamam



AT CENTRAL CHAPEL
ST. THOMAS EVANGELICAL CHURCH OF INDIA
MANJADI, THIRUVALLA

On Tuesday
13th August 2019
9:00 am

For further information
Email: bmcckeralasangamam@gmail.com


സ്ഥലപരിമിതി മൂലം വളരെയധികം ലേഖനങ്ങളും മറ്റ് രചനകളും ഈ ലക്കത്തിലും ചേർക്കാൻ കഴിയാതെ പോയതിൽ ഖേദിക്കുന്നു.

നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾക്ക് എഴുതുക:

Hello Hope Journal
P.O. Box :10489
Kingdom of Bahrain
hhgulfnews@gmail .com
00973 38383399

*HH Inbox*


സിസ്റ്റർ ആൻസി ജോർജ്ജ് ആലപ്പാട്ട് (ന്യൂ ജെനറേഷൻ ചർച്ച് ബഹ്റിൻ) എഴുതിയ "കുടുംബ ഭദ്രത" എന്ന പുസ്തകം ബഹറിനിൽ ലഭ്യമാണ്. കുടുംബജീവിതം നയിക്കുന്നവർക്കും അതിനായി പ്രാർത്ഥനയോടെ തയ്യാറെടുക്കുന്നവർക്കും വളരെ അനുഗ്രഹമാണ് ഈ പുസ്തകം. താല്പര്യമുള്ളവർ കോൺടാക്ട് ചെയ്യുക.




+973 3941 1267



STEERING

Managing & Responsible Editor: **Dr. Cherian Mathews**, Chief Editor: **Rajeev Stuvert**, Creative Editor: **Georgekutty Sebastian**
Correspondents: **Roy Mathews, Joju Joseph, Anil Thomas, Shalvi George, Jibin Mathew,** Printed & Published by: Phoenix Publishing House, 2A Princeton, Skyline Ivy League, Kakkanad, Kochi, Kerala, India, Pin 682030 Tel: +91 9947877914
Licence# RNI No.KERMAL/2017/469833/ERN

Exclusive Gulf Representative
PHOENIX MARKETING & CREATIONS W L L



© Copyright reserved. The concept and content of this publication remain the exclusive property of Phoenix Publishing House and must not be reproduced in any form whatsoever without prior permission. Every effort has been made to ensure the accuracy of the information contained in this publication. However, Phoenix Publishihg House cannot accept legal responsibilty for any error or omission.